

ഞാറ്റുവേല
DIGITAL MAGAZINE
little KITEs
ഹിദായത്തുൽ ഇസ്‌ലാം
ഹയർസെക്കന്ററി സ്കൂൾ
എടവനക്കാട്, എറണാകുളം ജില്ല

# ആശംസ



നമ്മുടെ വിദ്യാലയത്തിൽ നിന്ന് ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. ഈ മഹത്തായ ദൗത്യത്തിൽ പങ്കാളികളാകായ എല്ലാ വിദ്യാർത്ഥി- വിദ്യാർത്ഥിനികൾക്കും, അധ്യാപക സുഹൃത്തുക്കൾക്കും ആശംസകൾ നേരുന്നു.

**കെ.കെ .ജമാലുദ്ധീൻ**
**മാനേജർ**

# ആശംസ



വായനയുടെ പ്രതിസന്ധിഘട്ടത്തിൽ
തമസ്സിന്റെ മായാ നിദ്രയിൽ
ആണ്ടു കിടക്കുന്ന യുവതലമുറയെ വെളിച്ചത്തിലേക്ക്
നയിക്കാൻ
ഉതകുന്നതാകട്ടെ 'ലിറ്റിൽ കൈറ്റ്സിന്റെ' ഈ ചെറിയ
സംരംഭം.
ഒരുപാട് സന്തോഷത്തോടെ ആശംസകൾ...

കെ. എ). ആബിദ
പ്രിൻസിപ്പൽ

# ആശംസ



പൊതുവിദ്യാഭ്യാസ സംരക്ഷണജ്ഞത്തിലൂടെ വിദ്യാർത്ഥികൾക്ക്
പഠനപ്രവർത്തനത്തോടൊപ്പം ആധുനിക സാങ്കേതികവിദ്യയുടെ
വൈവിധ്യമാർന്ന സാധ്യതകൾ സ്വായത്തമാക്കാനുള്ള ശ്രമമാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്.അതിന് ഒരു ഉദാഹരണമാണ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഞാറ്റുവേല എന്ന ഈ ഡിജിറ്റൽ മാഗസിൻ. വളരെ
അഭിമാനത്തോടെ ഈ പ്രവർത്തനത്തെ കാണുകയും വരും തലമുറക്ക് പ്രചോദനമാകട്ടെ എന്ന് പ്രാർത്ഥിക്കുകയ ു ം ചെയ്യുന്നു. ഇതിന് പിന്നിൽ
പരിശ്രമിച്ച വിദ്യാർത്ഥികൾക്കും അതിന് അവരെ സജ്ജരാക്കിയ
അധ്യാപകർക്കും ഹൃദയം നിറഞ്ഞ ആശംസകൾ.

നെസി.കെ.കെ
ഹെഡ്മിസ്ട്രസ്



പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുടെ മികവിലൂടെ
നിർധനരായ വിദ്യാർത്ഥികളെ ഉന്നതങ്ങളിലെത്തിക്കുന്ന
എടവനക്കാട് ഹിദായത്തുൽ ഇസ്‌ലാം ഹയർ സെക്കണ്ടറി
സ്കൂൾ കുട്ടികളിലെ നൈസർദഗികവാസനകൾ കണ്ടെത്തി
കലാകായിക ശാസ്ത്ര മേളകളിലൂടെ സംസ്ഥാനതലം വരെ
എത്തിക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്നു എന്നതിൽ
അതിയായ സന്തോഷമുണ്ട്. ഇതിന് ആത്മാർപ്പണത്തോടെ
പ്രവർത്തിക്കുന്ന അധ്യാപകർക്ക് അഭിനന്ദനം അർപ്പിക്കുന്നു.
ഹൈടെക് വിദ്യാലങ്ങളിലെ കുട്ടികളുടെ ഐ.ടി
കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് എന്ന പദ്ധതി ഈ
വിദ്യാലയത്തിലെ വിദ്യാർത്ഥികളെയും ഐ ടി മേഖലയിലം
മുൻപന്തിയിലെത്തിക്കുമെന്നതിൽ സംശയമില്ല. ലിറ്റിൽ
കൈറ്റ്സ് വിഭാഗം തയ്യാറാക്കുന്ന ഞാറ്റുവേല എന്ന ഡിജിറ്റൽ
മാസികയ്ക്ക് സ്കൂൾ പി.ടി.എ യുടെ എല്ലാ വിധ
ആശംസകളും അർപ്പിച്ചു കൊള്ളുന്നു. ഞാറ്റുവേല
സസ്യലതാദികൾക്ക് എത്രത്തോളം സുഖകരമാണോ
അതിലേറെ ഈ മാസിക വിദ്യാർത്ഥികൾക്ക്
ഉപകാരപ്രദമാകട്ടെ എന്ന് സർവ്വശക്തനോട് പ്രാർത്ഥിക്കുന്നു.

ടി.എ അബ്ദുല്ലതീഫ്
പി.ടി.എ പ്രസിഡണ്ട്

LITTLE KITES MEMBERS OF HIHSS SCHOOL YEAR 2018 - 2019



**EDITORIAL BOARD**

*MUHAMMED RAFI .V.A - CHIEF EDITOR*
*M.I.SANIYA – STAFF EDITOR*
*ASWIN.K.B,FIDA FATHIMA – SUB EDITORS*
*ABEEK MUHAMMED&ASIF RAHMAN,FATHIMA SANAM*
*COMMITEE MEMBERS*

# വ്യഥ

ഏറെനാളായി എന്നന്തരംഗത്തിൽ
സ്ഫുരിക്കുന്നൊരായിരം തീനാളം
എന്തെന്നറിയില്ല എപ്പൊഴെന്നറിയില്ല
എന്നോ മനതാരിൽ നിറഞ്ഞനൊമ്പരം

പിച്ചവെച്ചൊരാനാൾതൊട്ടെന്റെ കൂട്ടിനുണ്ടായിരുന്നൊരമ്മ
ആദ്യക്ഷരം ചൊല്ലി പഠിച്ചൊരെൻ നാവുകളാദ്യം ഉരുവിട്ടൊരു
നിസ്വനം
കാലത്തുണരും നേരം പൂവുടൽ തഴുകാനായ്
ആദ്യമെത്തുന്നതെന്നമ്മതൻ കരങ്ങൾ

മറവിയിലാണ്ടുപോയതെന്റെ ചിരികളും
മരവിപ്പിലമർന്നുപോയതെന്റെ ജീവനും
ഇനിയെനിക്കാരുണ്ട് കൂടെ, ജീവസ്സായ്
ഒരു നിർമലസ്പന്ദനമായ്

ഇനിയുമുണ്ടൊരുപാട് ദൂരങ്ങൾ താണ്ടുവാൻ
ഇനിയുമുണ്ടൊരുപാട് യാത്രകൾ കുതിക്കുവാൻ
ആരുമില്ലാരുമില്ലെങ്കിലും കൂട്ടിനായ്
ഉണ്ടെന്റെയുള്ളിലെന്നമ്മതൻ ഒാർമ്മകൾ

തളരുകില്ലൊരുനാളുമെന്നാത്മാവ്
തകർക്കുകില്ലൊരു വ്യഥകളുമെൻ യാത്രയെ
മാറ്റുകില്ലൊരു മൗനവുമെൻ സൃഷ്ടിയെ
ഇനിയുമെനിക്കുണ്ടു ദൂരങ്ങൾ താണ്ടുവാൻ



**അഷിത. XI...ബയോമാത്സ്**

# അമ്മുവിൻ്െറ കുസൃതികൾ

അതിരാവിലെ അമ്മു ഉറക്കത്തിൽ നിന്നും എഴുന്നേററുവരും മുൻപേ ജനാലകൾ കാററത്ത് പയ്യെ തുറന്നു.സൂര്യപ്രകാശം അവളുടെ പൂമുഖത്ത് സ്പർശിച്ചു.അവൾ കണ്ണുകൾ പയ്യെ ചിമ്മി തുറന്നു. ഒ്ാടി മുററത്ത് ചെന്ന് നിന്നു. അതാ ആകാശത്തൂടെ തത്തകളും കിളികളും പറന്നു പോകുന്നു.അവയുടെ മനോഹരമായ മന്ത്രനാദം അവളെ ആകർഷിച്ച ഒരു പ്രകൃതി ദൃശ്യമായി അവൾക്ക് തോന്നി . അങ്ങനെ ചിന്തിച്ചു നിൽക്കുമ്പോൾ കുളക്കടവിലേക്ക് അതാ പാടവരമ്പത്തൂടെ അപ്പു പാലുമായി ഒ്ാടിവരുന്നു.അച്ഛനെന്തോ പാടത്ത് വിതയ്ക്കുന്നു.അപ്പോഴെയ്ക്കും അമ്മ അകത്തു നിന്നും വന്നിട്ട് ചോദിച്ചു;

"അപ്പു പാലുമായി എത്തിയല്ലോ “?.. അപ്പു പറഞ്ഞു; "ഇതാ അമ്മേ പാല്"


അമ്മ പാലുമായി അകത്തേക്കുപോയി. അപ്പുവും അമ്മുവും കുളക്കടവിലേക്ക് ഒ്ാടി. അവിടെ ചെന്നപ്പോൾ കുറെ അധികം കാക്കപ്പൂക്കൾ കുളത്തിന്റെ അരികിൽ വിരിഞ്ഞു നിൽക്കുന്നത് അമ്മു കണ്ട്ു.അവൾ കുളക്കടവിൽ നിന്ന് ഒ്ാടി ചേമ്പിന്റെ ഇല പൊട്ടിച്ചു കൊണ്ടു വന്നു എല്ലാ പുക്കളും അവൾ ആ ഇലയിലേക്ക് പൊട്ടിച്ചിട്ടു.അപ്പു കുളത്തിൽ ഇറങ്ങി ക്ുളിക്കുവാൻ തുടങ്ങി അപ്പോഴേയ്ക്കും അതാ അച്ഛൻ പാടത്തു നിന്നു കുളക്കടവിലേക്ക് വരുന്നു. അവർകുളിക്കുവാൻ തുടങ്ങി അമ്മ അമ്മുവിനോട് പറഞ്ഞിട്ടുണ്ടായിരുന്നു നീ കുളത്തിൽ ഇറങ്ങി കുളിക്കരുതെന്ന്.അവൾഅതൊന്നും അനുസരിച്ചില്ല. അച്ഛൻ കുളികഴിഞ്ഞ് പോയപ്പോഴെയ്ക്കും അമ്മു കുളത്തിലേക്ക് കുളിക്കുവാൻ എടുത്തുചാടി നീന്താൻ അറിയാത്ത അമ്മു ഉച്ചത്തിൽ കരഞ്ഞു. അച്ഛൻ അപ്പോഴെയ്ക്കും ഒ്ാടിയെത്തി എന്നിട്ട് അമ്മുവിനെയും കൂട്ടി വിട്ടിലേക്ക് പോയി. അമ്മ പറഞ്ഞുതനുസരിച്ചിരുന്നെങ്കിൽ അമ്മുവിന് ഇങ്ങനെ വരില്ലായിരുന്നു.



**ഷീഷ്മ .എൻ. ആർ.**
**9 A**

# എന്റെ നാട്

*പുഴകളും മലകളും പലവിധം ഓടും*
*ഒത്തൊരുമിച്ചൊരു നാടാണ്*
*മഴയും വെയിലും വിരുന്നിനെത്തും*
*ദൈവത്തിൻ സ്വന്തം നാടാണ്*
*തുഞ്ചനും ആശാനും ഉള്ളൂരുമെല്ലാം*
*പിറവിയെടുത്തൊരു നാടാണ്*
*പ്രളയമെന്നൊരു മഹാവിപത്തിനെ*
*തുരത്തിയെറിഞ്ഞ നാടാണ്*
*ജാതിയുമില്ല മതവുമില്ല*
*മനുഷ്യരാണ് നാമെല്ലാം*
*എന്നൊരു സത്യം ലോകർക്ക് മുൻപേ*
*വിളിച്ചുപറഞ്ഞ നാടാണ്*
*എന്റെ നാട് കേരളനാട്*
*ദൈവത്തിൻ സ്വന്തം നാടാണ്*



**ആമിറ ഫർഹത്ത്..4 B**

# സൗഹൃദം എന്നും ഒരു ബലമാണ്

ഒരിക്കൽ ഒരിടത്ത് വില്യംസ്,സേവ്യർ എന്ന രണ്ട് കുട്ടികളുണ്ടായിരിന്നു. 8-ാം ക്ലാസ്സിലാണ് അവർ പഠിക്കുന്നത്. അവർ നല്ല സുഹൃത്തുക്കളായിരുന്നു. ഒരിക്കൽ ഇവർ നിസ്സാര കാര്യത്തിന്  വഴക്കിട്ടു. അപ്പോഴും വില്യംസിനു ക്ഷമയുണ്ടായതിനാൽ വില്യംസ് മിണ്ടാൻ തയ്യാറായിരുന്നു.പക്ഷേ  സേവ്യർ മിണ്ടാൻ തയ്യാറായില്ല.പിറ്റെ ദിവസം ശനിയാഴ്ചയായിരുന്നു. വില്യംസിന് സേവ്യറിനോട് മിണ്ടാതിരുന്നിട്ട് സങ്കടം സഹിക്കാനായില്ല. അങ്ങനെയിരിക്കെ വില്യംസ് ടോണി എന്ന മറ്റൊരു സുഹൃത്തിനെ വിളിച്ചു കാര്യം പറഞ്ഞു.ടോണി പറഞ്ഞു

"വില്ലി.. നീ ഒന്നു കൊണ്ടും വിഷമിക്കേണ്ട.നീ അവനെ വിളിച്ചൊന്ന് ക്ഷമ ചോദിക്കൂ.അപ്പോൾ അവന് മനസ്സിലാകും.കാരണം നിങ്ങൾ നല്ല സുഹൃത്തുക്കളല്ലേ.

"ങ്ഹാ.. ശരി ..ടോണി" വില്യംസ് പറഞ്ഞു.അങ്ങനെ വില്യംസ് സേവ്യറിനെ വിളിച്ചു.സേവ്യർ

പറഞ്ഞു''നിന്നോട് ഞാൻ വഴക്കല്ലേ,നീയെന്തിനാ എന്നെ വിളിച്ചേ'' എന്ന് പറഞ്ഞു കോൾ കട്ട് ചെയതു.വില്ല്യംസ് ആകെ വിഷമത്തിലായി.സേവ്യർ പറഞ്ഞതെല്ലാം അവന്റെ മുത്തശ്ശൻ കേട്ടിരുന്നു. മുത്തശ്ശൻ അവനോട് കാര്യം തിരക്കി ''സേവി നീ ആരോടാ ഫോണിൽ ദേഷ്യത്തോടെ സംസാരിച്ചത്, വളരെ ഗൗരവത്തോടെയായിരുന്നല്ലോ?'' അവൻ കാര്യമെല്ലാം മുത്തശ്ശനോട് പറഞ്ഞു.അതിനിടെ വില്ലിയുടെ ഒരു കോൾ വന്നു. കോളെടുത്തത് അമ്മയായിരുന്നു. അമ്മയോട് അവൻ എല്ലാം പറഞ്ഞു.അപ്പൊ അമ്മ പറഞ്ഞു ''നീ വിഷമിക്കേണ്ട വില്ലി ,ഇന്ന് നിനക്ക് മറ്റു ജോലികൾ ഒന്നും ഇല്ലല്ലോ...
അതുകൊണ്ട് നീ ഇവിടെ വന്ന് അവനോട് സംസാരിക്ക് ,അപ്പൊ അവന് മനസ്സിലാകും.അൽപം വാശിയുണ്ടെങ്കിലും പാവമാണ് അവൻ.'' "ശരിയാന്റീ" എന്ന് പറഞ്ഞ് വില്ലി കോൾ കട്ട് ചെയ്തു.
കാര്യമറിഞ്ഞപ്പോൾ മുത്തശ്ശൻ മറുപടിയായി പറഞ്ഞത് ഒരു കഥയാണ്.

''ഒരിക്കൽഒരിടത്ത്നിങ്ങളെപോലെരണ്ട്സുഹൃത്തുക്കളുണ്ടായിരുന്നു.ഗബ്രിയേൽ,ഡാനിയേൽ എന്നാണ് അവരുടെ പേര്.അവർ അങ്ങോട്ടുമിങ്ങോട്ടും തല്ലുപിടിച്ചു. ഡാനിയേൽ ഗബ്രിയേലിനെ മോശമായ വാക്കുകൾ പറഞ്ഞ് കളിയാക്കി. എന്നിട്ട് രണ്ടു പേരും അവിടെ നിന്ന് തല്ലിപിരിഞ്ഞു.സംഭവമറിഞ്ഞ ഡാനിയേലിന്റെ പിതാവ് മിഖായേൽ അവനെ ആരുമില്ലാത്ത മലമ്പ്രദേശത്ത് കൊണ്ടുപോയി എന്നിട്ട് തിന്മയെന്ന് ഉറക്കെ പറയാൻ അവനോട് പറഞ്ഞു.ആ

വിജനമായ സ്ഥലത്ത്  അവൻ അങ്ങനെ പറഞ്ഞപ്പോൾ അത് ആ മലകളിൽ തട്ടി തിരികെവന്ന് അവന്റെ ചെവിയിൽ തട്ടി.അതുപോലെ തന്നെ നന്മയെന്ന് ഉറക്കെ പറയാൻ പറഞ്ഞു. അതും അതുപോലെ  തന്നെ തിരികെവന്ന് അവന്റെ ചെവിയിൽ തട്ടി.അപ്പോൾ ഡാനിയേലിന്റെ പിതാവ് മിഖായേൽ പറഞ്ഞു നിന്നക്ക് തിന്മയെന്നമൊഴി കേട്ടപ്പോൾ  സന്തോഷമൊന്നും തോന്നിയില്ലാലൊ എന്നാൽ നന്മയെന്ന് കേട്ടപ്പോൾ മനസ്സിൽ ഒരു  സന്തോഷമുണ്ടായില്ലേ.അതാ ഞാൻ പറഞ്ഞത് തിന്മയേക്കാൾ നല്ലത് നന്മയാണ്. ഇപ്പോൾ നിനക്ക്
മനസ്സിലായില്ലെ. നീ ഗബ്രിയേലിനോട് ചെയ്തത് ശരിയാണോ? അവൻ ഒരു നിമിഷം ആലോചിച്ചിട്ട് അവൻ ചെയ്തത് തെറ്റാണെന്ന്  പറഞ്ഞു.പിന്നെ ഗബ്രിയേലിനോട് മാപ്പു പറഞ്ഞ് വീണ്ടും സുഹൃത്തുക്കളായി...''
കഥ പറഞ്ഞു കഴിഞ്ഞപ്പോൾ സേവി കരഞ്ഞു. അപ്പോൾ മുത്തശ്ശൻ അവനോട് പറഞ്ഞു വിഷമിക്കേണ്ട നീ പറഞ്ഞാൽ അവന് മനസ്സിലാകും.
പെട്ടെന്ന് കോളിംഗ് ബെൽ അടിച്ച ശബ്ദം കേട്ട് സേവി വാതിൽ തുറന്നു നോക്കുമ്പോൾ വില്ലി.സേവി അവനെ കെട്ടിപ്പിടിച്ച് ക്ഷമ ചോദിച്ചു. ഇനി ഒരിക്കലും വഴക്കിടില്ലെന്ന് വാഗ്ദാനം ചെയ്തു...

ഗുണപാഠം : സൗഹൃദം എന്നും ഒരു ബലമാണ്.നാം ആരിൽ നിന്ന് ഒറ്റപ്പെട്ടാലും നല്ല സുഹൃത്തുക്കൾ തണലായ് എന്നും കൂടെയുണ്ടാകും.



**മൃദുല ജോയ്**
**9 C**

**കവിത**

# പ്രളയം

*ഒരിക്കൽ ഒഴുകിച്ചേരേണ്ടയെന്നെ*
*തടഞ്ഞുനിർത്തി മനുജൻ*
*ഉപകാരമൊന്നുമേ ചെയ്തില്ല;നിങ്ങൾ*
*ഉപദ്രവം ഏറെ ചെയ്തുതാനും !!*
*കൊടുമുടി കണക്കെ ആഗ്രഹങ്ങൾ*
*തകർത്തെറിഞ്ഞു വന്നൂ ഞാൻ പ്രളയമായി....*



**ദഹിയ.എ.എ**
**3...C**

# പത്രങ്ങളും അവയുടെ പ്രസക്തിയും

ജനാധിപത്യ സമൂഹത്തിൽ ജനങ്ങളുടെ ജിഹ്വയാണ് പത്രം.ഒരു ഏകാധിപതി തന്റെ ഏകാധിപത്യം ശക്തമാക്കുന്നത് രാജ്യത്തെ പത്രമടക്കമുള്ള എല്ലാ വാർത്താമാധ്യമങ്ങളെയും പടിയടച്ച് പിണ്ഡം വച്ചുകൊണ്ടാണ്. സ്വാതന്ത്ര്യത്തിന്റെ കാവൽഭടൻ എന്നാണ് പത്രങ്ങളെ എബ്രഹാം ലിങ്കൺ വാഴ്ത്തിയത്. ഒരു ജനാധിപത്യ രാജ്യത്തിലെ പൗരന്റെ രാ ഷ്ട്രീയവും മതപരവും സാമൂഹികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങളുടെ മാനദണ്ഡമായിട്ടാണ് പത്രങ്ങളെ കരുതുന്നതും അംഗീകരിക്കുന്നതും. ഏതൊരു രാജ്യത്തും ജനാധിപത്യം അതിന്റെ നാനാവിധ സ്വാതന്ത്ര്യത്തോടെ പുലരണമെങ്കിൽ പത്രങ്ങൾ കണ്ണും കാതും തുറന്നിരിക്കണം. ഇതോർത്താകണം നെപ്പോളിയൻ **"press is the fifth power of world"** എന്ന് പത്രത്തെക്കുറിച്ച് പറഞ്ഞത്.

ജനാധിപത്യരാഷ്ട്രത്തിന്റെ ഭരണനടത്തിപ്പിൽ പത്രങ്ങൾക്ക് നിർണായകവും ഭാവാത്മകവുമായ സ്ഥാനമുണ്ട്. പത്രസ്വാതന്ത്യം ക്രിയാത്മകമായ സ്വാതന്ത്ര്യം തന്നെയാണ്. ഒരു രാജ്യത്ത് സ്വാതന്ത്ര്യമില്ലെങ്കിൽ പൗരാവകാശവും അവന്റെ ജനാധിപത്യാധികാരവും ധ്വംസിക്കപ്പെടുക തന്നെചെയ്യും. വേലിതന്നെ വിളവുതിന്നുന്ന ഇക്കാലത്ത് ആ വേലിയെ മൂക്ക് കയറിയിട്ട് നിർത്തുകയാണ് പത്രങ്ങൾ. ജനങ്ങളുടെ അവകാശങ്ങൾ ചൂഷണത്തിനു വിധേയമാക്കുന്ന ഇക്കാലത്ത് അവയെ ചോദ്യം ചെയ്യുന്ന നിയമവാഴ്ച തന്നെയാണ് പത്രങ്ങളും ചെയ്യുന്നത്. രാജ്യദ്രോഹപരമായ കടുത്ത ചൂഷണങ്ങളെ പുറത്തുവന്ന് പലപ്പോഴും വിജിലൻസിനെപ്പോലെ പ്രവർത്തിക്കുന്നതും പത്രത്തിലെ

മുഖപ്രസംഗത്തിലുടെ അധികാരികളുടെ കണ്ണിലും ചെവിയിലും എ)ത്തുന്നു.

ജനങ്ങളെ അവകാശങ്ങളെക്കുറിച്ച് ബോധവൽക്കരിക്കാനും കടമകളെ ഭംഗിയായി ബോധ്യപ്പെടുത്താനും പത്രങ്ങളെപ്പോലെ മറ്റൊന്നിനും കഴിയുകയില്ല. അതുകൊണ്ട് സമൂഹത്തിന്റെ കുറ്റമറ്റ വളർച്ചക്കും അഴിമതിയുടെ തളർച്ചക്കും പത്രങ്ങൾ കൂടിയെ തീരൂ. അതുകൊണ്ടാണ് സ്വദേശാഭിമാനി പറഞ്ഞത്, അഴിമതിയുടെ ഉറക്കത്തിൽ ഒരു ഭൂതംപോലെ വന്നുനിൽക്കുന്നത് പത്രം മാത്രമാണ്. പത്രത്തിന്റെ ഇന്നത്തെ പ്രസക്തിയും ഇതുതന്നെ.ബാഹ്യമായ ഇടപെടലുകളും നിയന്ത്രണങ്ങളും ഇല്ലാത്ത ഒരിടത്ത് പത്രം മഹത്തായ പൊതുവിദ്യാഭ്യാസ മാധ്യമം കൂടിയാണ്. സ്കൂളിലും കോളേജിലും പഠനത്തിനു വിധേയമാകുന്ന കാലിക പ്രാധാന്യമുള്ള വിഷയങ്ങൾ,ഒരു രാഷ്ട്രത്തിന്റെ സാമൂഹികവും രാഷ്ട്രീയവുമായ പ്രശ്നങ്ങൾ, ലോകത്തിന്റെ പുരോഗതിയിൽ നാഴികക്കല്ലുകളായ കണ്ടുപിടുത്തങ്ങൾ, തുടങ്ങിയവയെല്ലാം പൊതുജനം അറിയുന്നത് പത്രദ്വാര തന്നെയാണ്. വാർത്താമാധ്യമം എന്നതിലുപരി, എ)തുതരം ജനകീയ സർക്കാരിന്റേയും നയങ്ങളെ ധീരതയോടെ വിശകലനം ചെയ്യുന്ന, അപ്രകാരം സാമൂഹികമാറ്റത്തിനു തന്നെ വഴിയൊരുക്കുന്ന സുപ്രധാന വാതിലായി പ്രവർത്തിക്കുന്നതും പത്രങ്ങൾ തന്നെയാണ്. തൂലികയ്ക്ക് വാളിനേക്കാൾ മൂർച്ചയുണ്ടെന്ന ചൊല്ല് പത്രധർമത്തിൽ പ്രവർത്തിക്കുന്ന പത്രങ്ങളുടെ കാര്യത്തിൽ തികച്ചും ശരിയാണ്.

പത്രങ്ങളുടെ അന്വേഷണാത്മകമായ നിശിതവിമർശനം മൂലം 'ചെങ്കോലും കിരീടവും' താഴത്തുവച്ച ഭരണാധികാരികൾ നിരവധിയാണ്. അധികാരത്തിന്റെ നിഷ്പക്ഷത അധികാരികളെ ഓർമപ്പെടുത്തുന്ന ചങ്കൂറ്റമാണ് ഇവിടെ മാനിക്കപ്പെടുന്നത്. എവിടെ അധികാരം ദുരുപയോഗം ചെയ്ത് സമൂഹത്തിന്റെ സ്വസ്ഥതയും സുഗമമായ പോക്കും നശിപ്പിക്കുന്നുവോ അവിടെ ഒരു 'തിരുത്തൽശക്തി'യായിപ്രവർത്തിക്കുകയാണ് പത്രങ്ങളുടെ

ധർമ്മം. അപ്പോഴാണ് പത്രം പൊതുജനങ്ങളുടെ നാവായി മാറുന്നത്. പത്രത്തിന്റെ ചാലകശക്തി ജനങ്ങൾക്ക് ഊർജമായി തീരുന്നതും ഓരോ പൗരന്റെയും ധർമ്മങ്ങൾ യഥാവിധി ഓർമ്മിപ്പിച്ച്, അവനിൽ ഉത്തരവാദിത്വബോധം സൃഷ്ടിച്ച്, വ്യക്തിയെ സമൂഹനന്മക്കൊരുക്കുന്ന ധാർമിക കടമയാണ് പത്രങ്ങൾ നിർവഹിക്കേണ്ടത്. പത്രങ്ങൾ ജനങ്ങൾക്കുവേണ്ടി കണ്ണിൽ എണ്ണയൊഴിച്ച് കാത്തിരിക്കുമ്പോഴാണ് ആധുനികകാലത്ത് അതിന്റെ പ്രസക്തി വർധിക്കുന്നത്.

പത്രങ്ങൾ യഥാവസരം ജനങ്ങൾക്ക് വിവരങ്ങളും അറിവുകളും നൽകുന്നു. ഭക്ഷണം പോലെ അത്യാവശ്യമായ ഒന്നാണ് പത്രവും.ഭക്ഷണം മനുഷ്യന് എത്ര പ്രസക്തമാണോ അത്രയും പ്രസക്തമാണ് സാംസ്കാരിക മനുഷ്യനു ഇന്ന് പത്രവും.ഏതൊരു പത്രത്തിനും ലക്ഷ്യം ഒന്നേയുള്ളു, പൊതുജനത്തിന്റെ നന്മ.രാഷ്ട്രീയക്കാരുടെയും ഉദ്യോഗസ്ഥരുടെയും ചില അവസരങ്ങളിലുള്ള അഴിമതികൾ പത്രം ഇല്ലെങ്കിൽ പൊതുജനം എങ്ങനെ അറിയും? അഴിമതിയുടെയും ചൂഷണത്തിന്റെയും തിക്തഫലങ്ങൾ ജനം പത്രമില്ലെങ്കിൽ അനുഭവിക്കേണ്ടിവരും.പത്രം രാജ്യത്തിന്റെ കണ്ണാടിയാണ്. വിഭാഗീയത സൃഷ്ടിക്കാതെ എല്ലാം തുറന്നെഴുതുന്ന പത്രം മതി ജനാധിപത്യ രാഷ്ട്രം നന്നായി പുലരാൻ. ഇവിടെയൊക്കെയാണ് പത്രത്തിന്റെ പ്രസക്തി ഏറുന്നതും.



**വി.എ. ഫിദ ഫാത്തിമ9 D**


**അനുഭവക്കുറിപ്പ്**

# <u>തള്ള്</u>

പ്രമോദ് [ശരിയായ പേര് വേറെയാണ്] ചെറുപ്പകാലത്തെ കളിക്കൂട്ടുകാരിലൊരാളായിരുന്നു. ഞങ്ങളുടെ ട്രസർ പ്രായത്തിൽ, ബെൽബോട്ടം പാന്റ്സിലേക്ക് പോളിയെസ്റ്റർ ഷർട്ട് ഇൻ ചെയ്തിട്ട് തന്റെ കുബേര ജീവിതത്തിന്റെ തള്ളുകളുമായി വിസ്മയിപ്പിച്ചിരുന്നവർ, വീട്ടിലെ കുളിമുറിയിലെ ഷവറും കിടപ്പുമുറിയിലെ ഷവറും കിടപ്പുമുറിയിലെ ചൂടുകയറ്റുന്ന പങ്കയുമൊക്കെയാവും മിക്കപ്പോഴും അവന്റെ സംസാര വിഷയം. അതു കേട്ട് വാ പൊളിച്ച് വിസ്മയിച്ചു നിന്നിരുന്ന ഞങ്ങളുടെ ബാല്യം. രണ്ടു കിലോമീറ്റർ അപ്പുറത്താണെന്ന് അവൻ പറഞ്ഞിരുന്ന അവന്റെ വീട് കണ്ടവരാരും ഞങ്ങളിലില്ലായിരുന്നു .

ഒരിക്കൽ അവനറിയാതെ ആ വീടു കാണാൻ പോകാമെന്നുള്ള ആശയം ആദ്യം മുന്നോട്ടുവച്ചത്

ജോണാണ്. കൃത്യമായ സ്ഥലസൂചനയൊന്നും അവനതുവരെ നൽകാത്തതുകൊണ്ട് ഞങ്ങൾ മൂന്നു നാലു പേർ വളരെ കഷ്ടപ്പെട്ടാണ് ആ വീടിനു മുന്നിലെത്തിയത്. ഓടിട്ട വീടുകൾ അപൂർവ്വമായ അക്കാലത്തെ സാമാന്യം വലിയ ആ വീട് അവന്റേതാണെന്ന് ഞങ്ങൾക്കുറപ്പായിരുന്നു.



വീടിനു മുന്നിലെത്തിയതും, പരിഭ്രമിച്ച മുഖത്തോടെ പുറകിലെവിടെയോ  നിന്ന് ഓടിക്കിതച്ചെത്തിയ പ്രമോദിന്റെ മുഖത്ത് എന്തായാലും സ്വാഗതഭാവമൊന്നുമല്ലായിരുന്നു കണ്ടത്. കുറച്ചു ദൂരം മാറ്റി നിർത്തി, ദേഷ്യക്കാരനായ ഡാഡി വീട്ടിലുണ്ടെന്നും, മൂപ്പർക്ക് ഞങ്ങളെപ്പോലുള്ള അലവലാതികൾ വീട്ടിലെത്തുന്നത് ഇഷ്ടമല്ലെന്നുമാണ് അവൻ പറഞ്ഞു വെച്ചത്. ഡാഡിയില്ലാത്ത ഒരീസം ഞങ്ങളെ വിളിക്കാമെന്നുള്ള അവന്റെ ഉറപ്പിൽ ഞങ്ങൾ തൃപ്തിപ്പെട്ടു. പുരുഷന്റെ ചായപ്പീട്യേൽ നിന്നുള്ള ജോണിന്റെ സവാളവട ഓഫറിനെ അവൻ നേരിട്ടത് അൽപം മുമ്പ് കഴിച്ച പൊറോട്ടേടേം ഇറച്ചീടേം കഥ കൊണ്ടായിരുന്നു.

നിരാശയോടെ തിരിഞ്ഞുനടക്കുന്ന ഞങ്ങളെ ഞെട്ടിച്ചു കൊണ്ട് സമീപത്തെ ചോർന്നൊലിക്കുന്ന ഒരു കൂരയിൽ നിന്നും മാറുമറയ്ക്കാത്ത ഒരു വയസ്സിത്തള്ള പ്രത്യക്ഷമായി. “ നിങ്ങ അബനെന്തേലും തിന്നാൽ വാങ്ങിക്കൊടുക്ക്.... രണ്ടീസായി പോരെല് കഞ്ഞീന്റെ വെള്ളം ബെച്ചിട്ട്" “ഒട്ടും പാടില്ലാത്തോണ്ട് , അബടെ പാത്രം

മോറാനും മുറ്റടിക്കാനും അലക്കാനുമൊന്നും പോവ്വാൻ പറ്റീട്ടില്ല....

ഓടിട്ട വലിയ വീട്ടിലേക്ക് ചൂണ്ടി അവരത് പറയുമ്പോൾ ബെൽബോട്ടം പാന്റിന്റേയും പോളിസ്റ്റർ ഷർട്ടിന്റേയുമൊക്കെ രഹസ്യം ഞങ്ങളിലേക്ക് ചൂഴ്ന്നിറങ്ങുകയായിരുന്നു.

"അമ്മൂമ്മേ...." പ്രമോദ് വാവിട്ടു കരഞ്ഞ് എന്തായാലും വിശപ്പുകൊണ്ട് മാത്രമായിരുന്നില്ല.

വി.കെ.നിസാർ
എച്ച്.എസ്.എ

കഥ

# മണൽ ദ്വീപ്

ഇന്നലെ രാത്രിയാണ് ആ വലിയ ദുരന്തം സംഭവിച്ചത്. അച്ഛനും അമ്മയും എന്റെ കുഞ്ഞുപെങ്ങളോടുമൊത്ത് ഞാൻ ഒരു യാത്രയിലായിരുന്നു. അച്ഛൻ കപ്പിത്താനായിരുന്നതുകൊണ്ട് ഞങ്ങളുടെ ക്രിസ്മസ് വെക്കേഷൻ ഒരു ദ്വീപിൽ ചിലവഴിക്കാനാണ് തീരുമാനിച്ചത്. അന്ന് ആ തണുപ്പുള്ള രാത്രി ഞങ്ങളുടെ സന്തോഷങ്ങളെല്ലാം

നഷ്ടപ്പെട്ടു. ഞങ്ങളുടെ കപ്പൽ ജാഗ്രതയിലായിരുന്നു സഞ്ചരിച്ചുകൊണ്ടിരുന്നത്. യാത്രക്കാരെല്ലാം സന്തോഷത്തിലായിരുന്നു. പോകുന്നവഴി കടൽകുതിര തുടങ്ങിയ പല ജീവികളേയും ഞങ്ങൾ കണ്ടു.

പെട്ടെന്നാണ് ആ കാര്യം എന്റെ ശ്രദ്ധയിൽ പെട്ടത്. കപ്പലിൽ ഉള്ളവരെല്ലാം പരക്കം പായുന്നു. പെട്ടന്ന് തന്നെ ഞാൻ ആ ഭീകര ശബ്ദവും കേട്ടു. പിന്നെ കണ്ണടച്ച് തുറന്നപ്പോഴേക്കും കാണുന്നത് ചുഴലിക്കടിയിൽ പെടുന്നതും മരണ വെപ്രാളം കൊണ്ട് യാത്രക്കാർ ഒച്ചയിടുന്നതുമാണ്. പക്ഷേ ഞാൻ മാത്രം വെള്ളത്തിലാണ് എല്ലാവരുടേയും ആ ശബ്ദം കേട്ടതോടെ പെട്ടെന്ന് എന്റെ ബോധം പോയി പിന്നീട് ബോധം വന്നപ്പോൾ ഞാൻ കാണുന്നത് ചുറ്റും മണലാണ്. കാറ്റിന്റെ ശക്തി കൊണ്ട് കണ്ണുകൾ അടഞ്ഞു പോവുകയാണ് എന്നിട്ടും പയ്യെ പയ്യെ ഞാനെന്റെ കണ്ണുകൾ തുറന്ന് എഴുന്നേൽക്കാൻ ശ്രമിച്ചു പക്ഷേ കഴിയുന്നില്ല .ഞാനെന്റെ കാലുകളിലേക്ക് നോക്കിയപ്പോൾ കാലിൽ ഒരു ഇരുമ്പിന്റെ വടി കയറിയിരിക്കുന്നു പയ്യെ ഞാനത് കാലിൽ നിന്ന് എടുത്തു മാറ്റി. എന്നിട്ടും വേദന കാരണം എഴുന്നേൽക്കാൻ കഴിയുന്നില്ല. അവസാനം ഞാനൊരു വടിയിൽ പിടിച്ച് എഴുന്നേറ്റു. എന്നിട്ട്, ഞാൻ ആ കടൽ തീരത്തുകൂടി നടന്നു. അപ്പോഴാണ് ആ കാഴ്ച്ച എന്റെ ശ്രദ്ധയിൽ പെട്ടത് ദൂരത്ത് ഒരു മനുഷ്യശരീരം കിടക്കുന്നു ഞാൻ വേഗത്തിൽ അവിടേക്ക് നടന്നു പിന്നെയാണ് അത് എന്റെ കുഞ്ഞനുജത്തിയാണെന്ന് മനസ്സിലായത്.ഞാൻ എത്ര വിളിച്ചിട്ടും അവൾ എഴുന്നേൽക്കുന്നില്ല. പിന്നെയാണ് അവൾ മരിച്ചു എന്ന് ഞാനറിഞ്ഞത്.എന്റെ കണ്ണിൽ നിന്നുള്ള കണ്ണുനീർ അവളുടെ മുഖത്തെ നനച്ചു.എന്നിട്ട് ഞാനെന്റെ കണ്ണുകൾ തിരിച്ചപ്പോൾ അവിടെ അമ്മയും ഇതേപോലെ കിടക്കുന്നു.അമ്മയെയും ഞാൻ കുറേ വിളിച്ചു

പക്ഷെ അമ്മയും എഴുന്നേൽക്കുന്നില്ല.ഈ കാഴ്ചകൾ കണ്ടതോടെ എന്റെ ശരീരം മുഴുവൻ തളർന്നു.പിന്നെ മുന്നോട്ട് നടക്കാൻ എനിക്ക് കഴിയുന്നില്ല.എന്നാലും ഞാനെന്റെ അച്ഛനെ അന്വേഷിച്ച് നടന്നു.യാത്രക്കാരെ മുഴുവൻ ഇതേ അവസ്ഥയിൽ കണ്ടു.പക്ഷെ അച്ഛനെ മാത്രം കണ്ടില്ല.ഞാൻ വീണ്ടും കുറെയധികം നടന്നു.കാലിലെ മുറിവ് കാരണം നടക്കാൻ കഴിയുന്നില്ല.നടക്കുംമ്പോൾ വീണുപോവുകയാണ്.എന്നാലും ഞാൻ പയ്യെ നടന്നു.എല്ലാം ഒരേ കാഴ്ച.വ്യത്യസ്തമായി ഒന്നും തന്നെ ഉണ്ടായിരുന്നില്ല.അവസാനം നടന്ന് നടന്ന് നടത്തം തുടങ്ങിയ അതേ സ്ഥലത്ത് തന്നെ ഞാൻ എത്തി.കടലും മണലുമല്ലാതെ അവിടെ ഒന്നും കാണാൻ കഴിഞ്ഞില്ല.വിശക്കുന്നുണ്ടെങ്കിലും സങ്കടം കൊണ്ട് വിശപ്പ് അറിയുന്നില്ല.എന്നിട്ട് പയ്യെ നടന്ന് ഞാൻ അമ്മയുടെ അരികത്ത് ചെന്നിരുന്ന് കടലിലേക്ക് നോക്കി.കുറേനേരം അങ്ങനെതന്നെ ഇരുന്നു.കുറച്ച് കുറച്ച് കഴിഞ്ഞപ്പോൾ ഒരു ബോട്ടിന്റെ ശബ്ദം കേൾക്കാൻ തുടങ്ങി. ശ്രദ്ധിച്ചു നോക്കിയപ്പോൾ അത് ഇങ്ങോട്ടാണ് വരുന്നത്. ബോട്ടടുത്തെത്തിയപ്പോൾ അതിൽ അച്ഛനായിരുന്നു. ബോട്ടിൽ നിന്നിറങ്ങിയതോടെ അച്ഛന്റെ കണ്ണുകൾ നിറഞ്ഞ് തുളുമ്പാൻ തുടങ്ങി. അച്ഛൻ കുറേ ആളുകളെ രക്ഷിച്ചു എന്നും അമ്മയേയും അനുജത്തിയേയും രക്ഷിക്കാൻ കഴിഞ്ഞില്ല എന്ന് പറഞ്ഞ് എന്നെ കെട്ടിപ്പിടിച്ചു. എന്നിട്ട് എന്നേയും കൂട്ടി മടങ്ങാൻ തുടങ്ങി. ബോട്ടിലെ യാത്രയ്ക്കിടയിൽ അൽപ്പനേരം ഞാൻ ഉറങ്ങി. ഉറക്കത്തിൽ നിന്ന് ഞെട്ടിയെഴുന്നേറ്റ ഞാൻ ആദ്യം കണ്ടത് അമ്മയെയാണ്. അത്ഭുതത്തോടെ ഞാൻ എന്നോട് തന്നെ ചോദിച്ചു ഇതെങ്ങനെ? അപ്പോ ഞാൻ കണ്ടത് സ്വപ്നമാണൊ! എന്ത് സ്വപ്നം? അമ്മ ചോദിച്ചു. എന്നിട്ട് ഞാനെന്റെ സ്വപ്നം മുഴുവൻ അമ്മയോടു പറഞ്ഞു. ഈ ദിവസം മുഴുവൻ ഞാനെന്റെ ഈ സ്വപ്നത്തിന്റെ ചിന്തയിലായിരുന്നു നാളെ ഒരു നല്ല സ്വപ്നം കാണാൻ

കഴിയട്ടെ എന്ന് എന്നോടു തന്നെ ആശംസിച്ച് കൊണ്ട് ഞാൻ വീണ്ടും ഉറക്കത്തിലേക്ക് പോകുന്നു.



**സജ്ന കെ.എസ്**
**IX F**

# മഴ

*എത്രയോ ദിനങ്ങളിൽ നിൻ വരവിനായ്*
*കാത്തുകാത്തിരുന്നു ഞാൻ മഴയെ*
*നിന്റെയീ മൃദുസ്പർശനമേൽക്കുവാൻ*
*എത്രയോ നാളായ് ഞാൻ കാത്തിരിപ്പൂ*
*ചന്നം പിന്നം ചാറി നീവരുമ്പോൾ*
*എത്ര മനോഹരമാനാദം കേൾക്കുമ്പോൾ*
*ബീഭത്സമായി ഇന്ന് നീയെത്തിടുമ്പോൾ*
*ഞെട്ടിവിറയ്ക്കുന്നു ഞാനുമെന്നും*
*മഹാപ്രളയമായെത്തി നീ നഷ്ടം വിതയ്ക്കുമ്പോഴും*
*വെറുക്കുന്നില്ല നിന്നെ ഞാൻ പ്രിയെയ*
*ഇനിയെങ്കിലും നീ ദുരിതത്തിലാഴ്ത്തരുത്*
*പ്രിയജനത്തെ*
*എങ്കിലും നിന്നെ ഞാൻ സ്നേഹിക്കുന്നു*
*എന്നെന്നും*



**അക്ഷര.എ).സ്** **5B**

# <u>കേരളം</u>

1. കേരളത്തിന്റെ വ്യവസായിക തലസ്ഥാനം - തൃശൂർ
2. കേരളത്തിലെ ഏറ്റവും വലിയ ചിൽഡ്രൻസ് പാർക്ക് - ആക്കുളം
3. കേരള ടൂറിസം ഡെവലപ്മെന്റ് കോർപറേഷന്റെ ആസ്ഥാനം - തിരുവനന്തപുരം
4. ഇന്ത്യയിലെ ആദ്യത്തെ ബയോളജിക്കൽ പാർക്ക് - അഗസ്താർകൂടം
5. കേരളത്തിലെ ഏറ്റവും തെക്കുള്ള നിയമസഭാ മണ്ഡലം - പാറശ്ശാല
6. കൊല്ലം നഗരം സ്ഥാപിച്ചത് - സാഹർഈഡോ
7. മത്സ്യബന്ധനത്തിനും കശുവണ്ടിവ്യവസായത്തിനും പേരുകേട്ട ജില്ല - കോല്ലം
8. ചട്ടമ്പിസ്വാമികളുടെ സമാധിസ്ഥലം - പന്മന
9. കൃഷ്ണപുരം കൊട്ടാരം പണികഴിപ്പിച്ചത് - മാർത്താണ്ഡവർമ
10. കേരള സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് കോർപറേഷന്റെ ആസ്ഥാനം - ആലപ്പുഴ
11. കുഞ്ചൻ നമ്പ്യാർ സ്മാരകം സ്ഥിതിചെയ്യുന്നത് - അമ്പലപ്പുഴ
12. നെഹ്റു ട്രോഫി വള്ളംകളി നടക്കുന്ന കായൽ - പുന്നമടക്കായൽ
13. കേരളത്തിലെ ആദ്യ പുകയില വിമുക്ത ജില്ല - കോട്ടയം

14. സമ്പൂർണ സാക്ഷരത നേടിയ ഇന്ത്യയിലെ ആദ്യ പട്ടണം - കോട്ടയം
15. വിസ്തൃതിയിൽ രണ്ടാം സ്ഥാനത്തുള്ള ജില്ല - ഇടുക്കി
16. കേരളത്തിലെ സുഗന്ധവ്യഞ്ജനങ്ങളുടെ കലവറ എന്നറിയപ്പെടുന്ന ജില്ല - ഇടുക്കി
17. എറണാകുളം ജില്ലയിലെ ആനവളർത്തൽ കേന്ദ്രം - കോടനാട്
18. കേരളത്തിലെ ഏറ്റവും വലിയ കോർപ്പറേഷൻ - കൊച്ചി
19. ഏഷ്യയിലെ ഏറ്റവും ഉയരം കൂടിയ ക്രിസ്ത്യൻ ദേവാലയം - പുത്തൻപള്ളി
20. കേരളത്തിലെ ആദ്യ മുനിസിപ്പാലിറ്റി - ഗുരുവായൂർ
21. കേരളത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ല - മലപ്പുറം



**ഹഫീഫ**
**9 F**

# 22 ഗാന്ധിയൻ വചനങ്ങൾ

**1. അവകാശങ്ങൾ ചുമതലകളുമായി ബന്ധപ്പെ ട്ടതാണ്**
**2. അഹിംസയും സത്യവും എന്റെ രണ്ടു ശ്വാസകോശങ്ങൾ പോലെയാണ് അവ**
**കൂടാതെ എനിക്കു ജിവനില്ല**
**3. ഉത്തമവിദ്യാഭാസത്തിന്റ ആദ്യത്തെ ചവിട്ടുപടി ഒരു പരിശുദ്ധ ഹൃദയമാണ്**

4. നല്ല കൈയക്ഷരം വിദ്യാഭ്യാസത്തിന്റ
അവിഭാജ്യഘടകമാണ്
5. ദരിദ്രന്റെ മുൻപിൽ ദൈവം അപ്പത്തിന്റെ രൂപത്തിൽ
കാണപ്പെടുന്നു.
6. ഭാരതത്തിന്റെ ആത്മാവ് ഗ്രാമങ്ങളിലാണ്.
7. ഒരു ജനാധിപത്യ വിശ്വാസി ജന്മനാ
അച്ചടക്കമര്യാദയുള്ളവനായിരിക്കണം.
8. പ്രശ്നങ്ങളുടേയും പ്രതിസന്ധികളുടേയും, ഇടയിൽ
ജീവിക്കുവാനാണ്, മനുഷ്യൻ
ജനിച്ചിരിക്കുന്നത്.
9. ധനികൻ ദരിദ്രരുടെ സൂക്ഷിപ്പുകാരൻ
10 ഒറ്റയ്ക്കായാലും അനേകരായാലും യഥാർത്ഥ പൗരുഷം
ആത്മശക്തിയിലാണ്. ഈ
ആത്മശക്തി, ത്യാഗം, വിശ്വാസം,
വിനയംഎന്നിവകൂടാതെസ്വായത്തമാക്കാവുന്നതല്ല
11. നേതാവ് മുമ്പേ പോകരുത്. പിമ്പേ നടക്കരുത് കൂടെ പോകണം
12. ക്ലോക്കിന് കീ കൊടുക്കുന്നതുപോലെ ഹൃദയത്തിന് കീ
കൊടുക്കണം
അല്ലാത്തപക്ഷം ആന്തരീകജിവന്റ ശബ്ദം നിന്നുപോകും
13. നമുക്കു ദൈവത്തെപേടിക്കാം.അപ്പോൾ നാം
മനുഷ്യരെപേടിക്കുകയില്ല
14. ജീവിതം വളരെ ചെറുതാണ്.എന്നാൽ നമുക്കീ കൊച്ചു
ജീവിത്തിൽ
ചെയ്തുതീർക്കാൻ ധാരാളം കാര്യങ്ങളുണ്ട്
15. പ്രഭാതത്തിന്റെ താക്കോലും പ്രദോഷത്തിന്റെ
ഓാടാമ്പലുമാണ് പ്രാർത്ഥന
16. ഭരണമോ നിയന്ത്രണമോ ആവശ്യമില്ലാതാക്കിത്തീർക്കുന്ന
വ്യവസ്ഥയാണ് ഏറ്റവും
നല്ല ഭരണരീതി
17. ഇന്ത്യയുടെ ഏകാധിപതിയായി ഒരു മണിക്കൂർ നേരത്തേക്ക്
ഞാൻ

നിയമിതനാവുകയാണെങ്കിൽ ഞാൻ ചെയ്യുന്ന ഒന്നാമത്തെ കാര്യം പ്രതിഫലം കൂടാതെ
എല്ല മദ്യഷാപ്പുകളും അടച്ചിടുകയായിരിക്കും

18. എല്ലാ ദുർവിചാരങ്ങളും ദുർവികാരങ്ങളും രോഗത്തിന്റെ പലവിധ രൂപങ്ങളാണ്

19. സമരക്കാരന് സമരം ചെയ്യുക എന്നതുതന്നെ വിജയമാണ്.അവർ അതിൽ തന്നെ
സന്തോഷം കണ്ടെത്തുന്നു

20. നല്ല കാര്യങ്ങൾക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ പോലും വ്യക്തിത്വം കളഞ്ഞ്
ഒന്നും ചെയ്യരുത്

21. ശക്തിയുളവാക്കുന്നത് ശാരീരികമായ ബലത്തിൽ നിന്നല്ല മനസ്സിന്റെ
ദൃഢനിശ്ചയത്തിൽ നിന്നാണ്

22. സത്യസന്ധതയുടെ പുറത്തേക്കുള്ള പ്രകടനമാണ് വ്യക്തിത്വം



മേരി ഷിൽന പൊടുത്താസ്
8.C

# കേരളം പ്രളയ ശേഷം

ദൈവത്തിന്റെ സ്വന്തം നാടായ നമ്മുടെ കേരളം,കേരളചരിത്രം കണ്ടതിൽ വച്ച് ഏറ്റവും ഭയാനകരമായ പ്രളയം കണ്ടിരിക്കുന്നു. ജാതിമത ഭേതമന്യേ ഒറ്റക്കെട്ടായി നമ്മൾ ആ പ്രളയത്തെ നേരിട്ടു.ഒരുമിച്ച് ഒരു തിണ്ണയിൽ കിടക്കുകയും,ഒരിലയിൽ ഉണ്ണുകയും ചെയ്ത് നാം നമ്മെ ബാധിച്ച പ്രളയത്തെ അതിജീവിച്ചു.എന്നാലും ആ പ്രളയം വിതച്ച പ്രശ്നങ്ങൾ ഇന്നും കെട്ടടങ്ങിയിട്ടില്ല.ആ മുറിവുകൾ ഇന്നും ഉണങ്ങാതെ കേരളമണ്ണിൽ ചോരയായി പറ്റി കിടക്കുന്നു.ഇതിനു മുമ്പ് ഓഖിയും സുനാമിയും കണ്ടെങ്കിലും ഇത്രമേൽ ഭയാനകരമായ ജലപ്രളയം നാം കണ്ടിരുന്നില്ല.ക്യാമ്പുകളിലേക്ക് ജനപ്രളയമായിരുന്നു ഒഴുകിയെത്തിയത്. ഓരോ കേരളിയനും ആ പ്രളയം അനുഭവിച്ചു. മഴ മാറി മാനം തെളിഞ്ഞുവെങ്കിലും ഇന്നും ഈ മണ്ണിൽ പ്രളയത്തിന്റെ ശേഷിപ്പുകൾ ഉണ്ട്.

ഒരുപാട് പേർക്ക് അവരുടെ പാർപ്പിടം നഷ്ടപ്പെട്ടു.ക്യാമ്പ് പിരിഞ്ഞ് പോകുമ്പോൾ പലവർക്കും എവിടേക്ക്? എന്ന ചോദ്യം മാത്രമേ ഉണ്ടായിരുന്നുള്ളൂ.കെട്ടിപെറുക്കി വെച്ച സ്വത്തു സമ്പത്തും എന്നു മാത്രമല്ല, ഉടുത്തു മാറാൻ വസ്ത്രം പോലും പ്രളയം ബാക്കിവെച്ചില്ല.

എല്ലാം നഷ്ടപ്പെട്ട ചില ജീവിതങ്ങൾ ഇനി എന്ത് ? എന്ന ചോദ്യവുമായി നിൽക്കുന്നത് നാം കണ്ടു. ഒരുപാട് ജീവിതങ്ങൾ ഈ മഹാമാരി കൊണ്ടുപോയി.രക്ഷാ പ്രവർത്തനത്തിനായി ഇറങ്ങി തിരിച്ച പല ജീവനെയും രക്ഷിക്കാൻ ആരുമുണ്ടായിരുന്നില്ല. നമ്മുടെ കേരളത്തിനു സാമ്പത്തികമായി തന്നെ നഷ്ടങ്ങൾ സംഭവിച്ചു,ഈ ജീവിതങ്ങൾക്കു നഷ്ടപ്പെട്ട

പലതും നൽകാൻ നമ്മുടെ സർക്കാരിനു കഴിയില്ല.വളരെ വലിയ ഗതാഗത പ്രശ്നങ്ങളും സാമ്പത്തിക പ്രശ്നങ്ങളും നമ്മുടെ കേരളത്തിനുണ്ടായി.എത്ര സ്ഥാപനങ്ങളാണ് നിമിഷനേരം കൊണ്ട് നിലം പതിച്ചത്.നമ്മുടെ വ്യക്തിരേഖകൾ സൂക്ഷിച്ചു വച്ചിരുന്ന പല സ്ഥാപനങ്ങളുടെയും ശോചനീയാവസ്ഥ നാം കണ്ടു.

നമ്മുടെ കേരളം ആകെ തകർന്ന ഒരവസ്ഥയായിരുന്നു ഇത്.എന്നാൽ,നമ്മുടെ കഠിനമായ പരിശ്രമം കൊണ്ട് നമുക്ക് പലതും നേടിയെടുക്കാം, പലതും തിരികെയെടുക്കാം. ഏറ്റവും വലിയ ഉദാഹരണം തന്നെയാണ് പ്രളയബാധിതസമയത്ത് നമ്മുടെ കടലമ്മയുടെ മക്കൾ ഒരുപാട് ജീവനുകൾ രക്ഷിച്ചത്.സ്വന്തം ജീവൻ വിലവെക്കാതെയാണ് അവർ തങ്ങളുടെ സഹോദരങ്ങളെ രക്ഷിക്കാനിറങ്ങിതിരിച്ചത്.കാറ്റും കോളും പേമാരിയും വകവെക്കാതെ,വകവെക്കാത്ത ആ മഹാസേനയുടെ പരിശ്രമത്തിന്റെ ഫലമായി പുഞ്ചിരിക്കുന്ന പല മുഖങ്ങളും നമുക്ക് കാണാൻ കഴിഞ്ഞു.നാമേറെ കഷ്ടപ്പെട്ട സാഹചര്യത്തിൽ ഇവരുടെ ഒരുമ നമുക്ക് താങ്ങായി നിന്നു.ഒരുപാട് ആളുകളുടെ അകമഴിഞ്ഞ പ്രാർത്ഥനയുടെ ഫലമായി നമ്മുക്ക് നമ്മുടെജീവിതത്തെ കണക്കാക്കാം.

നാം നേരിട്ടത് ഏറ്റവും വലിയ പ്രതിസന്ധിയെയാണ്.മഹാമാരി കെട്ടടങ്ങി,വെള്ളം വറ്റിയപ്പോൾ നാം കണ്ടത് മഹാനാശം. കൃഷിയിടങ്ങളുടെയും ചന്തകളുടെയും വീടുകളുടെയും റോഡുകളുടെയും എന്നുവേണ്ട പാലങ്ങളുടെ മുകളിലും നാം കണ്ടത് നാശം മാത്രം.ഇനിയൊരു ചോദ്യം.ഇന്ന് ഏറെ പ്രസക്തമായ ചോദ്യം.പ്രളയാനന്തരം കേരളം നേരിട്ട അല്ലെങ്കിൽ നേരിടുന്ന ഈ പ്രശ്നങ്ങൾ നമ്മൾ എങ്ങനെ പരിഹരിക്കും? നാം പരിഹരിക്കേണ്ടത് അല്ലറ,ചില്ലറ പ്രശ്നങ്ങൾ അല്ല ,പല ജാതി മത സംസ്കാരങ്ങളുടെ സങ്കലിത ഭൂമിയായ ദൈവത്തിന്റെ സ്വന്തം നാട് നേരിട്ട മഹാമാരി വിതച്ചിട്ടു പോയ ഘോര പ്രശ്നങ്ങൾ !

"ഒരുമ തന്നെ പെരുമ" നാം കേട്ടിട്ടില്ലേ ! ഒരുമ, ഒരുമിച്ചു നിന്നു കൈകൾ കോർത്തു നാം ഈ പ്രശ്നങ്ങളെ നേരിടണം.വീടുകൾ വൃത്തിയാക്കാനും റോഡുകൾ വൃത്തിയാക്കാനും മറ്റും നാം ഒന്നിച്ചു നിന്നു പ്രവർത്തിച്ചപ്പോൾ സാധിച്ചല്ലോ? വൃത്തിയുടെ കാര്യത്തിൽ നാം ഏറ്റവും നേരിടുന്ന ഒരു പ്രതിസന്ധിയാണ് ആരോഗ്യം എന്നത്.പ്രളയത്തിനു ശേഷം എലിപ്പനിയും നമ്മുടെ കേരളീയരുടെ ജീവൻ കൊണ്ടു പോയി.ചുമ,അതിസാരം മുതലായ പകർച്ച വ്യാധികൾ മറ്റും ക്രമേണ വർധിച്ചു.ഇങ്ങനെ എണ്ണിയാലൊതുങ്ങാത്ത നിരവധി പ്രതിസന്ധികൾ നാം ഒരുമയോടെ നിന്നാൽ തന്നെ നമ്മുക്ക് പരിഹരിക്കാം.

നമുക്ക് നമ്മുടെ സർക്കാരിൽ നിന്നും മറ്റും ഒരുപാട് നിർദേശങ്ങൾ ലഭിച്ചിരുന്നു.പ്രളയാനന്തരം നാം നേരിട്ട, നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരുപാട് മാർഗ്ഗം അവർ പറഞ്ഞു തന്നു.പ്രളയാനന്തരം നാം നേരിട്ടത് എണ്ണിയാലൊതുങ്ങാത്തത്ര പ്രശ്നങ്ങളായിരുന്നു.എത്രയെത്ര ആരോഗ്യ പ്രശ്നങ്ങൾ, കാർഷിക നാശം, സാമ്പത്തിക നാശം, ഒരുപാടു പ്രശ്നങ്ങൾ നാം നേരിട്ടു.ഇന്നും നാം അവ നേരിട്ടു കൊണ്ടിരിക്കുന്നു. പഠനത്തിനുള്ള ഉപകരണങ്ങൾ, പാഠപുസ്തകങ്ങൾ അങ്ങിനെ പലതും നഷ്ടപ്പെട്ടു.

ഉറച്ച തീരുമാനത്തോടെ ഉറച്ച ആത്മ വിശ്വാസത്തോടെ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ നമുക്ക് പറ്റും... നമുക്കേ പറ്റൂ. ഒരുമയോടെ നിലനിൽക്കുന്ന കേരളജനതക്കേ അതിനു പറ്റൂ. നമുക്കു മേലെ പിടിച്ച ചെളി നീക്കാൻ നമുക്കേ പറ്റൂ, നമ്മുടെ മേലെ ഏറ്റ മുറിവുണക്കാൻ നമുക്കേ പറ്റൂ... ഈ പ്രളയത്തെ അതിജീവിച്ച് , നേരിട്ട് പഴയതിലും മികച്ച പ്രകൃതി സുന്ദരമായ മനോഹരമായ കേരളത്തെ നമുക്ക് തിരിച്ചെടുക്കാം.



റിൻസിയ .പി.എം.
VIII.C

# അനുഭവങ്ങൾ പാഠങ്ങൾ

''ഒട്ടും പ്രതീക്ഷിച്ചിരുന്നില്ല ഇങ്ങനെയൊരവസ്ഥ എനിക്കുവരുമെന്ന്. അറി ഞ്ഞോ,അറിയാതെയോ ചെയ്തുപോയൊരു തെറ്റിന് ഇത്ര വലിയൊരു ശിക്ഷയും.''

ആകാശനീലിമയിലേക്ക് നോക്കിയിരുന്നുകൊണ്ട് ശ്രുതി തന്നോടായി തന്നെ ഇങ്ങനെ പറഞ്ഞു.വീശുന്ന കാറ്റിനോടും,മാഞ്ഞുകൊണ്ടിരിക്കുന്ന മേഘങ്ങളോടും അവൾ തന്റെ സങ്കടങ്ങൾ ചൊല്ലി.ഒന്ന് പൊട്ടി കരയണമെന്നുണ്ട് അമ്മയുടെ മാറിൽ തലചായ്ച് എല്ലാം ഏറ്റു പറഞ്ഞ് ക്ഷമയാചിക്കണമെന്നുണ്ട് പക്ഷെ എന്തോ ഒന്ന് അവളെ അതിനനുവദിക്കുന്നില്ല.

''ഉണ്ണി മോളേ എന്താ ഈ കാണിക്കണത് സന്ധ്യാനേരത്ത് ..ഈ പ്രായത്തിലെ പെൺകുട്ട്യോള് ഇങ്ങനെ മാനത്തും നോക്കി ഇരിക്കണത് അത്ര നന്നല്ലട്ടാ കേറിപൊയ്ക്കേ'

മുത്തശ്ശിയുടെ വാക്കകൾ അവളെ ചൊടിപ്പിച്ചു . മറുത്തൊന്നും പറയാതെ അവൾ ഉമ്മറത്തു നിന്ന് നാലുകെട്ടിന്റെ നടുമുറ്റത്ത് പോയിരുന്നു.

ആകാശം പോലെ പരന്നുകിടക്കുന്ന അമ്മിണിയമ്മയുടെ സ്നേഹത്തിന് ഒരേയൊരു അവകാശിയാണ് ശ്രുതി. അച്ഛനില്ലാത്ത കുറവ് അറിക്കാതെയാണ് അമ്മിണിയമ്മ തന്റെ ആങ്ങളയുടെ കീഴിൽ ശ്രുതിയെ വളർത്തിയിരുന്നത്. അമ്മാവന്റെയും , മുത്തശ്ശിയുടെയും ഉണ്ണിമോളാണ് ശ്രുതി. അവൾക്കും ആ വിളി ഇഷ്ടമാണ്. പക്ഷെ ഇവരാരുമറിയാതെ ശ്രുതിയുടെ ജീവിതത്തിൽ ചില അപ്രതീക്ഷിത സന്ദർഭങ്ങൾ വന്നിട്ടുണ്ട്. തെറ്റും ശരിയും തിരിച്ചറിയാത്ത പ്രായം ആരെ ന്തുപറഞ്ഞാലും ഒരു നറുപുഞ്ചിരിയോടെ എല്ലാം നേരിടുന്ന കാലം. ബാല്യം. ശ്രുതിയുടെ ഏഴാം പിറന്നാൾ ... അവൾക്ക് അച്ഛനെ നഷ്ടപ്പെട്ടിട്ട് ഏഴ് വർഷം തികയിന്നു. മനസ്സിലെ ദു്ഃഖം പുറത്തറിയിക്കാതെ അമ്മിണിയമ്മ അവൾക്കായി എല്ലാമൊരുക്കി. അച്ഛനെന്നു പറഞ്ഞ് വീതം വെച്ചു. ശ്രുതി കൂട്ടുകാരോടൊത്ത് കളിക്കാൻ പോയി. നെൽ വയലുകളിൽ അവളൊരു പുൽച്ചാടിയെ പോലെ ഒാടി നടന്നു. പെട്ടന്നവൾക്ക് കൂട്ടം തെറ്റി. മറ്റാരുടെയോ പരുപരുത്ത കൈെകൾ അവളെ സ്പർശിച്ചു. അവളുടെ കൈെകൾ ബലമായി കെട്ടിവെച്ചു. കണ്ണുകളും ചുണ്ടും ഒരു കഷണം തുണി കൊണ്ട് മൂടി കെട്ടി. ഏഴ് വയസ്സ് പോലും തികയാത്ത ഒരു ബാലികയെ അയാൾ ഒരു കുഞ്ഞ് പൂവിനെ ഇതളുകളിൽ നിന്ന് വേർതിരിക്കുന്ന ലാഘവത്തോടെ പിച്ചി ചീന്തി.വയലിനരികിലെ മാടത്തിൽ അയാൾ അവളെ ഉപേക്ഷിച്ചു. ബോധം തെളിഞ്ഞപ്പോൾ ശ്രുതി അലമുയിട്ട് കരയാൻ തുടങ്ങി.മുഖമറിയാത്ത ആരൊക്കെയോ ചേർന്ന് അവളെ വീട്ടിലെത്തിച്ചു. അമ്മിണിയമ്മയുടെ കണ്ണുകളിൽ നിന്ന് രണകണങ്ങൾ ഉതിരാൻ തുടങ്ങി.

''ന്തിനാ ഈ ജീവൻ അവൻ ബാക്കിവെച്ചത്.
എന്റെ കുഞ്ഞ്........ കുഞ്ഞ്..........''

വാക്കുകൾ പൂർത്തിയാക്കാൻ കഴിയാതെ അവർ ബോധരഹിതയായി. ശ്രുതിയുടെ അമ്മാവനും സുഹൃത്തും ഇനിയെന്തെന്നറിയാത്ത മട്ടിൽ മുഖം കുനിച്ചു

ഉമ്മറത്തിരുന്നുകൊണ്ട് എന്തൊക്കെയോ പിറുപിറുത്തു. മുത്തശ്ശി ശ്രുതിയുടെ കീറിയ വസ്തമെല്ലാം കണ്ണീരോടെ അഴിച്ചു ആ ഇളം ശരീരത്തിലെ നോവിന്റെ മുറിവുകൾ കണ്ട് ഒരുനിമിഷത്തേക്ക് മുത്തശ്ശി നിശബ്ദയായി. ശ്രുതിയെ വാരിപുണർന്നു കൊണ്ട് അവർ പറഞ്ഞു :
''ഇല്ല എന്റെ കുട്ടിക്ക് ഒന്നും പറ്റീട്ടില്ല'' ഈ വാക്കുകൾ തന്നെ അവർ ആവർത്തിച്ച് പറഞ്ഞുകൊണ്ടിരുന്നു. ബോധം തെളിഞ്ഞപ്പോൾ അമ്മിണിക്ക് ശ്രുതിയുടെ നേരെ നോക്കാൻ പോലും കഴിയുന്നില്ലായിരുന്നു. ശ്രുതിയുടെ അമ്മാവൻ രഘു എന്തോ അറിഞ്ഞെന്ന ഭാവത്തിൽ കൂട്ടുകാരനെ ഒറ്റയ്ക്കൊന്ന് ചോദ്യം ചെയ്തു. സ്വന്തം കൂടപിറപ്പിനെ പോലെ സ്നേഹിച്ച് എല്ലാം പങ്കുവെച്ചിരുന്ന അവൻ തന്റെ മകളെപോലെ കാണണ്ട ശ്രുതിയെ ഇങ്ങനെയാക്കി. രഘുവിന് പറയാൻ വാക്കുകൾ ഉണ്ടായിരുന്നില്ല എല്ലാം പ്രവർത്തിയായിരുന്നു. തന്നാലാവുന്ന വിധമെല്ലാം രഘു അവനെ ആക്രമിച്ചു. ശ്രുതിയെ ഉപേക്ഷിച്ച അതേ മാടത്തിൽ രഘു അവനെയും കൊണ്ടിട്ടു. പക്ഷേ അവന്റെ ശ്വാസം നിലച്ചിരുന്നു. രാത്രിക്കുരാത്രി രഘു അമ്മിണിയും ശ്രുതിയേയുമായി നാടു വിട്ടു. ഗ്രാമങ്ങളും, പുഴകളും താണ്ടി അവർ തറവാട്ടിലെത്തി. വലിയച്ഛന്റെ മരണശേഷം തറവാട് ക്ഷയിച്ചിരുന്നു. പൂട്ടിക്കിടന്ന വാതിലുകൾ രഘു തുറന്നു.ശ്രുതിയെ അടുത്ത് തന്നെയുള്ള ഒരു വൈദ്യനെ കാണിച്ചു. എല്ലാം രഹസ്യമായിരുന്നു. എല്ലാം മാറി വരികയായിരുന്നു .പക്ഷേ ആ പി ഞ്ചുമനസ്സിലെ വേദനയും പേടിയും മാറിയില്ല രഘു അവളെ അടുത്ത് തന്നെയുള്ള ഒരു സ്കൂളിൽ ചേർത്തു. എല്ലാം മാറി. ശ്രുതി കൂട്ടുകാരോടൊപ്പം കൂടി എല്ലാം മറന്നു. അവൾക്ക് കൂടുതൽ ശ്രദ്ധയും പരിചരണവും കിട്ടി. ഓർക്കാനാഗ്രഹിക്കാത്ത ഒരു ദുഃസ്വപ്നം പോലെ അവർ ആ സംഭവം മറന്നു.

കാലങ്ങൾ തടന്നു പോയി. പ്രകൃതിയിലെന്ന പോലെ ശ്രുതിയിലും മാറ്റങ്ങൾ വന്നു. അവൾ സുന്ദരിയായ ഒരു പെൺകുട്ടിയായി. മധുരപ്പതിനേഴ്. ചുറ്റുമുള്ള ലോകമെല്ലാം

നരകമായി മാറുന്ന കാലം, എല്ലാവരേയും ധിക്കരിക്കുന്ന കാലം. കൗമാരം. പത്താം ക്ലാസ്സും പ്ലസ് ടൂവും എല്ലാം കഴിഞ്ഞു. പക്ഷേ ശ്രുതിക്ക് ഇനിയും പഠിക്കണമെന്നുണ്ട്. പരിഷ്കാരങ്ങൾ എത്താത്ത ആ നാട്ടിൽ 17ാം വയസ്സിൽ പെൺകുട്ടികളെ വധുവാക്കും. പക്ഷേ ശ്രുതിയുടെ ഒരാഗ്രഹത്തിനും അവരാരും എതില്ലായിരുന്നു. അവളെ പഠനത്തിനായി നഗരത്തിലേക്കയക്കാൻ തീരുമാനിച്ചു. പക്ഷേ അമ്മിണിക്ക് തന്റെ മനസ്സിൽ എന്തെന്നില്ലാത്ത ഭയം ഇനിയും കഴുകന്റെ കൈകൾ തന്റെ മകളെ കൊത്തിവലിക്കുമോ എന്നൊരു ചിന്ത. ശ്രുതിയെ ഒറ്റക്കയക്കാൻ അവരാരും താല്പര്യപ്പെട്ടിരുന്നില്ല. അതുകൊണ്ട് തന്നെ അവൾക്കൊപ്പം അവരും പോകാൻ തീരുമാനിച്ചു. പട്ടണത്തിൽ അവർ ഒരു ഫ്ലാറ്റ് വാടകക്കെടുത്തു. ഗ്രാമത്തിൽ നിന്ന് പട്ടണത്തിലേക്കുള്ള ദൂരം വളരെ കുറവായിരുന്നു. പക്ഷേ പൈതൃകത്തിൽ നിന്ന് പരിഷ്കാരത്തിലേക്കുള്ള ദൂരം അവർക്ക് മറികടക്കാൻ കഴിഞ്ഞില്ല. പട്ടണത്തിലേക്ക് പോകുന്നതിന് തലേദിവസം ശ്രുതിയെ എന്തൊക്കെയോ അലട്ടുന്നുണ്ടായിരുന്നു. അവൾ തന്റെ അമ്മയോട് എല്ലാം തുറന്നുപറയണമെന്നാഗ്രഹിച്ചു പക്ഷേ കഴിഞ്ഞില്ല. കൗമാര കാലത്തെ ചാപല്യമെന്ന പോലെ അവൾക്കുണ്ടായ ഒരു പ്രണയത്തെ പറ്റി. ആ ചിന്തകളിൽ മുഴുകിയിരിന്ന നേരമാണ് മുത്തശ്ശി അവളെ അകത്തേക്ക് പറഞ്ഞയച്ചത്. അവസാനം ശ്രുതി എല്ലാം അമ്മയോട് തുറന്നുപറയാൻ തീരുമാനിച്ചു.

''അമ്മേ എനിക്കൊരു കാര്യം പറയാനുണ്ട്''

''ന്താ നീ പറ''

അവൾ അമ്മയുടെ നേരെക്കാഞ്ഞു. കെട്ടിപ്പിടിച്ചു കൊണ്ട് പറയാൻ തുടങ്ങി.

''അമ്മേ നമുക്ക് പട്ടണത്തിൽ പോവണ്ട എനിക്ക് പഠിക്കണ്ട.''

കാര്യമെന്തെന്നറിയാതെ അമ്മ വേവലാതിപ്പെട്ടു.

''നീ കാര്യം പറ ഉണ്ണി ന്താ നിന്റെ പ്രശ്നം ?''

അമ്മയുടെ നേരെ തല ഉയർത്തി പിടിക്കാനാവാതെ അവൾ പറഞ്ഞു.

''പണ്ട് സ്കൂളിൽ വെച്ച് എനിക്ക് ഒരാളെ ഇഷ്ടമായിരുന്നു. പിന്നെ ഞാനായിട്ട് തന്നെ അത് നിർത്തി, വീണ്ടും പഠിക്കാനൊരുങ്ങി. പക്ഷേ നമ്മൾ ഇപ്പൊ പോണിടത്താ അവന്റെ വീട്.''

അമ്മിണിയമ്മ മററുള്ളവരിൽ നിന്ന് വ്യത്യസ്തയായിരുന്നു. അവർ പുഞ്ചിരിയോടെ പറഞ്ഞു.നീ ചെയ്ത തെറ്റ് നീ ഏററു പറഞ്ഞു. ''ഈ പ്രായത്തിൽ ആർക്കായാലും അങ്ങനെയൊക്കെ പറ്റും. നീ വിഷമിക്കണ്ട.''

''പക്ഷേ അമ്മേ പട്ടണത്തിൽ അവൻ കാണും.''

''മോളെ നീ പഠിക്കാനാ പോണത് ആവശ്യമുള്ളത് മാത്രം ശ്രദ്ധിക്ക്, നിന്നെ വേദനിപ്പിക്കണതെല്ലാം മറന്ന് കള.''

അമ്മയുടെ വാക്കുകൾ അവൾക്ക് ധൈര്യം നൽകി.അവളുടെ മനസ്സിലെ കെട്ടുകൾ ഓരോന്നായി അഴിയാൻ തുടങ്ങി. ശുദ്ധമായ മനസ്സോടെ അവൾ അവരോടൊപ്പം യാത്ര തിരിച്ചു. പട്ടണത്തിലെ ജീവിതവും ഫോണുമായി ബന്ധമുണ്ടാക്കാൻ അവർ ഏറെ പാടുപ്പെട്ടു. ഫ്ലാറ്റ് ജീവിതം മുത്തശ്ശിക്ക് കൂട്ടിലിട്ട കിളിയെ പോലെയായി. രഘുവിന് പട്ടണത്തിൽ തന്നെ ഒരു നല്ല ജോലി കിട്ടി. ജീവിതം മുന്നോട്ട് പോയി. ശ്രുതി അവളുടെ ജീവിതലക്ഷ്യം മനസ്സിലാക്കി. ഈ പതിനേഴ് വർഷത്തിൽ അവൾ ചെയ്ത തെറ്റുകളെക്കുറിച്ചും അനുഭവിച്ച വേദനകളെക്കുറിച്ചും ഓർത്തു. തോറ്റുപോകുമെന്ന ഓരോ നിമിഷവും അമ്മയെ പറ്റി ഓർത്തു. തെറ്റു ചെയ്യാൻ തോന്നുന്ന നേരം അവൾ അച്ഛന്റെ രൂപം മനസ്സിൽ കാണും. അപ്പോഴായിരുന്നു അപ്രതീക്ഷിതമായി അവളുടെ ജീവിതിലേക്ക് പ്രകൃതിയുടെ രൂപത്തിൽ ദൈവം വന്നത്. മനുഷ്യർ പ്രകൃതിയോട് ചെയ്ത തെറ്റിന് പ്രകൃതി അവർക്കായി നൽകിയ മറുപടിയായിരുന്നു പ്രളയം. പ്രളയം മറ്റുള്ളവരുടെ ജീവിതത്തിലേക്ക് ഇടിച്ചുകയറിയത് ഇഷ്ടപ്പെടാത്ത ഒരു അതിഥിയെപ്പോലെയാണ്. പക്ഷെ ശ്രുതിയുടെ ജീവിതത്തിൽ പ്രളയം അങ്ങനെ അല്ലായിരുന്നു. പ്രളയം അവളെ പഠിപ്പിക്കുകയാണ് ചെയ്തത്. ഭക്ഷണവും വെള്ളവും ഇല്ലാതെ തള്ളിനീക്കിയ ദിവസങ്ങൾ എല്ലാം നല്ലതിന് എന്ന ചിന്തയിൽ അവൾ ഉൾകൊണ്ടു. അന്നവൾ

പഠിച്ച പാഠം തീയിൽ കുരുത്തത്  വെയിലിൽ വാടില്ല എന്നാണ്. ആ പ്രളയത്തെ ചെറുക്കാൻ തന്റെ നാട് കാണിച്ച ധെ◌ൈര്യവും അതിനായി ഒപ്പം നിന്നവരും ശ്രുതിക്ക് നൽകിയത് നല്ല സന്ദേശങ്ങളായിരുന്നു. കിട്ടേണ്ട ഫലം എല്ലാവർക്കും കിട്ടി. ശ്ര◌ുതി തന്റെ ജീവിതം ഒരു പുഴയോട് സമാനമായി കണ്ടു. ആ പുഴയിലെ ചില തടസ്സങ്ങളും ചെളിക്കുണ്ടുമായിരുന്നു കഴിഞ്ഞ കാലം. ഈ വരുന്ന കാലം ചിലപ്പോൾ അവളെ സമുദ്രമാകുന്ന ഈ ലോകത്തോട് അടുപ്പിക്കും. പക്ഷെ ഇന്ന് അവൾ ചിന്തിക്കുന്നത് "ഇന്ന് "എന്നതിനെക്കുറിച്ചാണ്. ഇന്നത്തെ ജീവിതം അമ്മ , അമ്മാവൻ, മ◌ുത്തശ്ശി ഇതു മാത്രം. ഒരിക്കൽ ഒരു തുറന്ന സദസ്സിൽ അവൾ തനിക്കുണ്ടായ വേറിട്ട അനുഭവം എല്ലാവരുമായി പങ്കുവെച്ചു. ഒ◌ാർമ്മ ഉറക്കാത്ത പ്രായത്തിലും മറക്കാനാവാത്ത ആ അനുഭവം. നെഞ്ചിലെ ഭാരം ഇറക്കിവച്ചതുപോലെ അവൾക്കു തോന്നി. നിനച്ചിരിക്കാതെ ജീവിതത്തിൽ കടന്നുവരുന്ന ഒ◌ാരോ സംഭവവും ഒ◌ാരോ പാഠങ്ങളാണ് പഠിപ്പിക്കുന്നതെന്ന് അവൾ മനസ്സിലാക്കി. ജീവിതമാക്കുന്ന പുഴ അവൾ ഇന്നും നീന്തിക്കൊണ്ടിരിക്കുന്നു.



**അദിയ രാജേഷ്.വി**
**10 D**

# <u>പ്രളയബാക്കി</u>

*പ്രളയമേ നീ ബാക്കിയാക്കിയോ.......*
*കേരളക്കരയിതു കാലിയാക്കിയോ?*
*മലയാള മക്കൾക്കു തലചായ്ക്കുവാനായി*
*മണ്ണു മാത്രം നീ ബാക്കിയാക്കിയോ?*

*കാലത്തിൽ കുത്തൊഴുക്കിനു പോലും*
*കഴുകിക്കളയാനാകുമോ*
*മലയാള മനമിതിൽ തേങ്ങൽ*
*മാറ്റിടാനാകുമോ?*
*മനോഹരിയായൊരീ*
*ദൈവത്തിൻ നാടിന്റെ*
*ദേഹത്തു നീ തീർത്ത താണ്ഡവനടനം*
*കണ്ട്ു കരളുകളതുരുകുന്നു*
*കനലുകളെരിയുന്നു കണ്ണിൽ*
*കാഴ്ചയതു മങ്ങുന്നു*
*മെല്ലെയിനിയെത്ര നാളുകളിതു*
*തീർത്തയാഘാതം*
*പേറി നടക്കുമീ മലയാള മക്കൾ*
*പതിനായിരത്തിൽ പറ്റിച്ച സർക്കാരിൽ*
*പരിദേവനങ്ങൾ പറയാതെയോവയ്യ*
*സാലറി ചലഞ്ചിനാൽ സാധ്യമതാകുമോ*
*സാധാരണക്കാർ തൻ സങ്കടമകറ്റാൻ*
*കേന്ദ്രത്തിൽ കനിവതു കാത്തുകഴിയാമോ*
*വീടു വസ്തുക്കളില്ല വഴിയാധാരമായ്*
*വാതിലിതേതുണ്ടു മുട്ടിവിളിക്കുവാൻ*
*പ്രളയമേ നീ തീർത്ത ചക്രവ്യൂഹത്തിലീ*
*പാവങ്ങളീ ഞങ്ങൾ പെട്ടിതല്ലോ.........*

**കെ.എ. ബിന്ദു**
**എച്ച്.എസ്.എ**

# അച്ഛനാണെന്റെ ഹീറോ

ഇതും വെറും കഥയല്ല .എന്റെ ജീവിതാനുഭവ കഥയാണ്. എന്റെ ജീവിത കഥ! അച്ഛനായിരുന്നു എന്റെ ഹീറോ

!പാവം കർഷകനായിരുന്നു എന്റെ അച്ഛൻ ഞങ്ങൾക്കു വേണ്ടി ഒത്തിരി കഷ്ടപ്പെട്ടിരുന്നു. നാട്ടിലുത്സവം വരുമ്പോൾ അച്ഛൻ ഞങ്ങൾക്കു പുതിയ വസ്ത്രം വാങ്ങിത്തരും .എത്ര ബുദ്ധിമുട്ടാണേലും ഞങ്ങളുടെ ഒരു വർഷത്തെ വസ്ത്രം പോലും അച്ഛൻ മുടക്കാറുണ്ടായില്ല. അങ്ങനെ, ഈ വർഷത്തെ ഉത്സവം വന്നു. പുതിയ വസ്ത്രമെടുക്കാൻ ഞങ്ങളെയും കൂട്ടി കടയിലേക്കു പോയി. എനിക്കും ചേട്ടനും ഒരുപോലത്തെ വസ്ത്രമാണ് അച്ഛൻ എടുത്തത്. വീട്ടിലെത്തിയപ്പോൾ വസ്ത്രം കണ്ട അമ്മ ചോദിച്ചു. രണ്ടുപേർക്കും ഒരേപോലത്തെ വസ്ത്രമെടുത്തതെന്തിനാ? രണ്ടു തരത്തിലായിരുന്നേൽ മാറി മാറി ഇടമായിരുന്നല്ലോ? ഇതു കേട്ട അച്ഛൻ ഒന്നും മിണ്ടിയില്ല. നേരെ വരമ്പത്തേക്കു പോയി. അങ്ങനെ ഞങ്ങളെ അച്ഛൻ കഷ്ടപ്പെട്ടു പഠിപ്പിച്ചു വളർത്തി വലുതാക്കി. അങ്ങനെ ഞാൻ പഠിച്ചു വലിയ ഉദ്യോഗസ്ഥനായി. ജോലിയിലേക്കു പ്രവേശിക്കുന്ന ആദ്യ ദിവസം ഞാനമ്മയോട് അനുഗ്രഹം ചോദിച്ചു വാങ്ങി. കാൽതൊഴുത് നമസ്കരിച്ചു ഓഫീസിലേക്കു പോയി. അച്ഛൻ പറമ്പിലായിരുന്നു. ഞാൻ അച്ഛനെ കാണാൻ പോയില്ല. ജോലി കഴിഞ്ഞു വന്ന ഞാൻ അമ്മയോട് ആ ദിവസത്തെ സന്തോഷങ്ങളെല്ലാം പറയുകയായിരുന്നു. ആ സമയം അച്ഛൻ പറമ്പിൽനിന്നു വന്നു. ഞാൻ ഒന്നും മിണ്ടിയില്ല, അകത്തേക്കുപോയി.അച്ഛന്റെ മുഖം മാറുന്നത് അമ്മ ശ്രദ്ധിച്ചു. അമ്മ വെള്ളം കൊടുത്തിട്ട് അകത്തേക്കുപോയി. ഒന്നും പറയുന്നതു കേട്ടതുമില്ല. ഓരോ ദിവസം കഴിയുന്തോറും അച്ഛൻ ഒറ്റപ്പെട്ടു പോകുന്നതുപോലെയായി. എനിക്ക് വൈരാഗ്യം ഉണ്ടായിട്ടൊന്നുമില്ലെങ്കിലും ഞാൻ അച്ഛനെ വലിയ കാര്യമാക്കിയിരുന്നില്ല.

ഒരു ദിവസം അച്ഛന്റെ സുഹ്യ്രത്ത് അച്ഛനെ കാണാൻ വീട്ടിൽ വന്നു. അച്ഛൻ പറമ്പിലായിരുന്നു. നേരെ

സുഹൃത്ത് പറമ്പിലേക്കു നടന്നു. അച്ഛൻ വാഴചുവട്ടിലിരിക്കുകയായിരുന്നു. അച്ഛനെ കണ്ട സുഹൃത്ത് കാര്യം തിരക്കി. അച്ഛൻപറഞ്ഞു : ഒന്നൂല്ലടാ! നമ്മ മക്കളേക്ക പഠിപ്പിച്ച് വലിയ നിലയിലെത്തിയപ്പോൾ അവർക്ക വയ്യ. ലജ്ജയാ!നമ്മേച്ഛനാണു പറയാൻ. അച്ഛന്റെ കണ്ണിൽ നിന്നും കണ്ണീരൊഴുകാൻ തുടങ്ങി. സുഹൃത്ത് പറഞ്ഞു: പോട്ടെടാ, സാരുല്ല. സുഹൃത്തിന്റെ മനസ്സും വേദനക്കൊണ്ട് ഞെരുങ്ങി. സുഹൃത്ത് ഈ കാര്യം അമ്മയോട് പറഞ്ഞു. അമ്മയുടെ മനസ്സ് അലിഞ്ഞു. അമ്മ എന്റെ അടുത്തു വന്നിരുന്നു പറഞ്ഞു: മോൻ അച്ഛനെ മറക്കരുത്.... ഞാൻ അമ്മയെ നോക്കി. അമ്മ ഓരോന്നായി പറഞ്ഞു തുടങ്ങി. അമ്മുടെ മുഖം ശ്രദ്ധിച്ചു അമ്മയുടെ കണ്ണിൽ നിന്നും കണ്ണുനീർ അടർന്ന് വീഴുന്നത് ഞാൻ ശ്രദ്ധിച്ചു. എന്റെ കുറ്റബോധം എന്റെ മനസ്സിനെ പൊട്ടി കരയിപ്പിക്കാൻ തുടങ്ങി. അച്ഛനെ കാണാൻ ഞാൻ പറമ്പിലേക്കു ഓടി. അച്ഛൻ വാഴുച്ചുവട്ടിലിരുന്ന് കരയുകയായിരുന്നു. ഞാനോടിച്ചെന്ന് കാലിൽ വീണ് കരയാൻ തുടങ്ങി. മാപ്പ് ചോദിച്ചു . എഴുന്നേറ്റുകെട്ടിപ്പിടിച്ച് അച്ഛൻ വാത്സല്യത്തിന്റെ മുത്തം തന്നു. അന്നിട്ട് പറഞ്ഞു: സാരുല്ലടാ, മോനെ . അച്ചന് നിന്റെടുത്തു ദേഷ്യമൊന്നുമില്ല. അച്ഛാ! എന്നോടു പൊറുക്കണം. ഞാൻ അച്ഛന്റെ കൈപിടിച്ച് വീട്ടിലേക്കു നടന്നു. അച്ഛനോടു പറഞ്ഞു: ഞാൻ നിന്നെ ഇതുപോലെ കുട്ടിക്കാലത്ത് കൈപിടിച്ച് നടന്നത് നീ ഓർക്കുന്നുണ്ടോ ? അങ്ങനെ അച്ഛൻ എന്റെ ഓരോ കുട്ടിക്കുറുമ്പുകളും പറഞ്ഞു നടന്നു. വീട്ടിലെത്തി. എന്നെയും അച്ഛനെയും കണ്ട അമ്മ ഓടിവന്നെന്നെ കെട്ടിപ്പിടിച്ചു. ചേട്ടനും ഒത്തിരി സന്തോഷമായി. അങ്ങനെ ഞങ്ങൾ 4പേരും ഒന്നിച്ചു ജീവിതത്തിൽ ദുഃഖവും സങ്കടവും എല്ലാം ഉണ്ടാവും. അത് അങ്ങട് ക്ഷമിക്കുക.

നിങ്ങൾക്കും നിങ്ങളുടെ വീട് ഇതുപോലെ ഒരു സ്വർഗമാക്കിത്തീർക്കാൻ കഴിയുകയില്ലേ.... നിങ്ങളും നിങ്ങളുടെ വീട് ഇതുപോലെയാക്കി എല്ലാം പങ്കുവെച്ച് സ്വർഗമാക്കൂ. ഉള്ള ജീവിതം സന്തോഷകരമായി ആസ്വദിക്കൂ......



**വി.ഐ. ഇഹ്സാനിയ..9-D**

# <u>പ്രകാശം</u>

*തെറ്റുകൾ കുന്നുകൂടിയപ്പോൾ*
*വഴികൾ ഇരുട്ടുമൂടിയപ്പോൾ*
*ശരിയെന്ന ഒരു പൂവായി*
*മുളച്ചതാണീ പ്രകാശം...*

*ഇരുട്ടിന്റെ ആക്രമണങ്ങൾ*
*നമ്മെ വേട്ടയാടിയപ്പോൾ*
*ഒരു രക്ഷാവലയമായി*
*എത്തി ഈ പ്രകാശമാലാഖ...*

*വഴി തെറ്റിക്കുന്ന ഓരോ*
*പിശാചുകൾക്കും എതിരായി*
*നേർവഴി കാട്ടിത്തന്നതായിരുന്നു*
*പ്രകാശം....*

*സൂര്യനോട് നാം ചെയ്യുന്ന*

ദു  ഷ്പ്രവർത്തികൾ ഓർക്കൂ
ചിന്തിക്കൂ മാറൂ നാം
നല്ലവരാകൂ...
ഇരുട്ടെന്നാൽ തെറ്റും
പ്രകാശമെന്നാൽ ശരി
യുമാണെന്ന് ഓർത്ത്
മുന്നേറൂ ...
തെറ്റുകൾ സംഭവ്യമാകുന്നതും
തെറ്റിലേക്ക് മനുഷ്യൻ
നടക്കുന്നതും ഇരുട്ടിന്റെ
പ്രലോഭന കാരണമല്ലോ..?

ഓർക്കൂ ..നീ മാനുഷാ
ഇരുട്ടിനേക്കാൾ നന്മ
പ്രകാശത്തിനുണ്ടെന്ന്
മനസ്സിലാക്കൂ ...

തിരഞ്ഞെടുക്കൂ  നിൻ
പാതയെ നീ
പ്രകാശത്തെ നീ
മുന്നിൽ കാണൂ ...
ഇരുട്ടിൽ നാം കണ്ണട
ക്കുമ്പോൾ നമ്മുടെ
കണ്ണുകൾ തുറന്നിടുന്നതും
പ്രകാശം...
പ്രകാശം പരക്കുന്നത്
നന്മയെ ക്ഷണിക്കുന്ന
താണെന്ന  സത്യം
മനസ്സിലാക്കുവിൻ..
രാത്രി മാറി രാവ്

*പ്രകാശം പരത്തുമ്പോൾ*
*ഓർക്കുക..നീ..അതൊരു*
*നന്മക്കാണ്...*

ഫാത്തിമാ മുഹമ്മദ്

**8 B**

<u>നാടകം</u>

# <u>പ്രകൃതിയുടെ പ്രതികാരം</u>

**<u>കഥാപാത്രങ്ങൾ</u>**

**കണ്ടൻകാളി, കേശവൻ, നാരായണൻ, [കൃഷിക്കാർ]**
**അലക്സാണ്ടർ [രാഷ്ട്രിയ നേതാവ്]**
**പണിക്കാരൻ 1, പണിക്കാരൻ 2,[ റോഡ് പണിക്കാർ]**
**ബോട്ടുക്കാരൻ**
**രവീന്ദ്രൻ, തോമസ് [നാട്ടുകാർ]**

**സീൻ 1**

പച്ചവിരിച്ച് നീണ്ടുകിടക്കുന്ന ഒരു നെൽപ്പാടം. കുറച്ച് പേർ അവിടെ പണിയെടുകുന്നു. പണിക്കിടയിൽ അവർ എന്തൊക്കെയോ സംസാരികുന്നു.

കണ്ടൻകാളി: ഇന്നത്തോടുക്കൂടി ഈ പണിയും കഴിയും. ഇനിയെല്ലാം പുറം നാടുകളിൽ നിന്ന് കിട്ടും.

കേശവൻ: എന്താ നീ പറഞ്ഞത് ഒന്നും മനസിലായില്ല. വിശദീകരിച്ചാൽ കൊള്ളാം.

നാരായണൻ: നീ കേട്ടില്ലേ കഴിഞ്ഞ ദിവസത്തെ  വാർത്തകൾ. ഈ അടുത്ത് തന്നെ ഈ വയലും ആ കാണുന്ന പുഴയും നിരത്തി ഒരു വലിയ ഹെൈവേ വരും ഇവിടെ. ഇതും പറഞ്ഞ് കെൈ പുഴക്ക് നേരെ നീണ്ടുന്നു.

കേശവൻ : നമുക്കെന്തിനാ ഈ ഹൈവേ.നമ്മുടെ
വഴികൾക്കെന്താ കുഴപ്പം വല്ല കുറവുമുണ്ടോ?
നാരായണൻ :  അല്ല,നീ വികസനം എന്ന് കേട്ടിട്ടില്ലേ.അതിൽ
പെടുന്നതാ ഈ പ്ലാൻ എല്ലാം.
കേശവൻ:  വികസനം എന്നു പറഞ്ഞാൽ എന്താ ?
വികസനത്തിന് വേണ്ടി നാം എല്ലാം
ഉപേക്ഷിക്കണമെന്നാണോ?

കണ്ടൻകാളി :  അറിയില്ല.ഒഴിഞ്ഞ് കൊടുത്തേപറ്റൂ.സർക്കാർ
ഉത്തരവാണ് . അല്ലെങ്കിൽ  ഉള്ള കിടപ്പാടവും കൂടിപ്പോവും
നാരായണൻ : വികസനം വളരെ അത്യാവശ്യമുള്ള
കാര്യമാണ് . നിങ്ങൾ വിചാരിക്കും പോലെ അതൊരു
നിസാരകാര്യമോ,മോശപ്പെട്ട കാര്യമോ അല്ല.

കേശവൻ: നമുക്കൊരു കാര്യം ചെയ്യാം, ഈ വയലുണ്ടെങ്കിൽ അതിനെക്കാൾ ഉപകാരമാണല്ലോ. ഇതിനെതിരെ ഒരു സമരം നടത്താം ഒത്തൊരുമ ഉണ്ടായാൽ നമ്മൾ വിജയിക്കും.
കണ്ടൻകാളി : ഈ കാര്യം ഇന്ന് തന്നെ എല്ലാവരെയും അറിയിക്കണം വൈകിയാൽ ഈ വയൽ നമുക്ക് നഷ്ടമാകും.
(കർട്ടൻ താഴുന്നു)
സീൻ-2
(സമര ദിവസം തൊഴിലാളികൾ പണി തുടരാനായി വന്നു. അതിനെതിരെ നാട്ടുക്കാർ സമരക്കളത്തിൽ)
കുട്ടികൾ :(ബാനറുകളുമായി)
വയലുകൾ സംരക്ഷിക്കൂ, ഭൂമിയെ രക്ഷിക്കൂ.
**സമരക്കാർ : പ്രകൃതി ദൈവത്തിൻ വരദാനം. അത് സംരക്ഷിക്കുക(സമരം മുറുകുന്നു.ജനങ്ങൾ അധികരിക്കുന്നു.**

പരിസരം മൊത്തം ഒച്ചയും ബഹളവും.കർട്ടൻ താഴുന്നു)
സീൻ-3
(സമരക്കളത്തിൽ സമരക്കാരെ സമാധാനിപ്പിക്കാൻ രാഷ്ട്രീയക്കാർ.അടങ്ങാതെ ജനങ്ങൾ.)
അലക്സാണ്ടർ: ഹേയ്,നിങ്ങൾ ഒന്ന്സമാധാനപ്പെടൂ.ഞാൻ ഒന്ന് പറയട്ടെ.
കണ്ടൻകാളി: നിങ്ങൾക്കിനി എന്താണ് പറയാനുള്ളത്.
അലക്സാണ്ടർ: നിങ്ങൾ എന്താ ബോധമില്ലാത്തവരെ പോലെ സംസാരിക്കുന്നത്.നിങ്ങൾ എന്താ വിവരമില്ലായ്മ കാണിക്കുന്നത്........
കണ്ടൻകാളി: ഞങ്ങൾക്കല്ല,നിങ്ങൾക്കാ വിവരമില്ലായ്മയും ബോധമില്ലായ്മയും.......
അലക്സാണ്ടർ: ഞങ്ങൾ ഒന്ന് പറഞ്ഞ്പൂർത്തിയാക്കട്ടെ,നിങ്ങൾക്ക് വികസനം എന്ന വാക്കിന്റെ അർഥമറിയോ? വികസനത്തിന്റെ ഗുണങ്ങൾ അറിയോ?അതില്ലായിരുന്നെങ്കിൽ നിങ്ങൾ ഈ കാണും

വിധം ജീവിക്കുമോ?
കേശവൻ:ഇതൊക്കെ പറയുന്ന നിങ്ങൾക്ക് ഈ വയൽ കൊണ്ടുള്ള ഗുണങ്ങൾ അറിയോ?നിങ്ങൾ ഭക്ഷിക്കുന്നത് ഈ വയലിൽ നിന്നുള്ള സാധനങ്ങൾ അല്ലേ? ഇതിന്റെ നാശം ഭൂമിയുടെ നാശത്തിൽ കൊണ്ടെത്തിക്കും.

**(സമരം മുറുകുന്നു.പോലീസ് ലാത്തിചാർജ് നടത്തുന്നു. കുറച്ച് നേരത്തേക്ക് ശബ്ദവും കോലാഹലങ്ങളും.പിന്നെ ന്ശബ്ദത.കുറെ പേർ പോലീസ് കസ്റ്റഡിയിൽ)**

**സീൻ-4**

(വയലുകൾ നികത്തി.റോഡ് പണി തുടങ്ങി .പണിസ്ഥലം.)

പണിക്കാരൻ (1): ഇത് അപ്പോൾ ഇവിടെന്ന് നേരെ 5കിലോ മീറ്റർ.പിന്നെ ഒരു ചെറിയ വളവ്........
പണിക്കാരൻ (2): അല്ല, 5 കിലോ മീറ്റർ പിന്നെ വളവ് എന്ന് പറയ◌ുമ്പോൾ അതിന്റെ കണക്ക്.......
പണിക്കാരൻ (1): അതൊരു ചെറിയ ആങ്കിളിൽ മതി.അധികം വേണ്ട.

(കർട്ടൻ താഴുന്നു)
(അങ്ങനെ റോഡ് പണി കഴിഞ്ഞു.അവിടെ ഫ്ലാറ്റുകൾ കൊണ്ടും വലിയ വലിയ മണി മാളികൾ കൊണ്ടും നിറഞ്ഞു.റോഡിൽ കൂടി വണ്ടികൾ ചൂളം വിളിച്ച് പാഞ്ഞുകൊണ്ടിരുന്നു.)

**സീൻ-5**

(3 വർഷത്തിന് ശേഷമുള്ള ഒരു ഓഗസ്റ്റ് മാസം.നല്ല ശക്തിയുള്ള മഴയും കാറ്റും.അതിനിടയിൽ ഒരു വാർത്തയുടെ ഭീതിയിൽ ജനങ്ങൾ)


കണ്ടൻകാളി:  കേട്ടില്ലേ...ഡാം തുറന്നുവെന്ന് ?
നാരായണൻ:  ആദ്യം നമ്മുടെ സ്ഥലം മുങ്ങുമെന്നാ കേട്ടത്.
പെട്ടിയും സാധനങ്ങളുമെല്ലാമെടുത്ത്
നമുക്കിവിടന്ന് വേഗം പോവാം
കണ്ടൻകാളി:  വീട്ടിലെ മറ്റു സാധനങ്ങള്   എന്ത് ചെയ്യും?
നാരായണൻ:  സാധനത്തിനേക്കാൾ വില ജീവനല്ലേ...എന്നാൽ
എത്രയും പെട്ടെന്ന് ഇവിടെന്ന് മാറണം.വെള്ളം
അതാ എത്തി തുടങ്ങി.

**(വീടുകളുടെ മുറ്റത്ത്,കാൽ പാദത്തിനടുത്ത് വരെ വെള്ളം പൊങ്ങി.വെള്ളം ഉയർന്ന് കൊണ്ടിരുന്നു.അതിനിടയിൽ,)കണ്ടൻകാളി:ഇവിടെ ജനിച്ച്,ഇവിടെ വളർന്ന് ഇത്രയും നാൾ**
ഇവിടെ ജീവിച്ചു.ഇനി ഇവിടെന്ന് മാറിനിൽക്കുക
അസാധ്യമാണ്.
നാരായാണൻ:ഇതു പറഞ്ഞ് നിന്നാൽ ഒന്നും നടക്കില്ല.ജീവൻ
വേണമെങ്കിൽ രക്ഷപ്പെട്ടോ.
(അധികം വൈകും മുമ്പ് വെള്ളം മുട്ടുവരെയെത്തി. മഴയും ശക്തമായ കാറ്റും തുടർന്നു. മണിക്കൂറിൽ പത്ത് പന്ത്രണ്ട് സെന്റീമീറ്ററിൽ വെള്ളം ഉയർന്നു. ജനങ്ങൾ രക്ഷപ്പെടാൻ ധൃതിക്കൂട്ടി. ബോട്ടുകളും അതുപോലെ ഹെലികോപ്റ്ററുകളും ജനങ്ങളുടെ രക്ഷിക്കാനായി വന്നെത്തി.)

സീൻ 6
(ജനങ്ങളുടെ മരണവെപ്രാളം രക്ഷപ്പെടാനുള്ള  തിരക്ക്
കൂട്ടലും ആകെ ശബ്ദ കോലാഹലങ്ങൾ. അതിനിടയിൽ)
ബോട്ടുക്കാരൻ: (ശബ്ദത്തിൽ) ഇവിടെ ആരെങ്കിലുമുണ്ടോ ?
തോമസ്: കൈ ഒരു ദിശയിലേക്ക് ചൂണ്ടികൊണ്ട് അങ്ങോട്ട്
തിരിക്ക് അവിടെ കുറച്ച് വീടുകളുണ്ട്.

രവീന്ദ്രൻ: രണ്ട് വീട്ടിൽ മാത്രമേ ആളുകളുള്ളൂ. ബാക്കി പോയെന്ന് കേട്ടെ.
(ബോട്ടുക്കാരൻ ശബ്ദത്തിൽ ചോദ്യം ആവർത്തിച്ച് ചോദിച്ച് ബോട്ട് നീക്കുന്നു.)

സീൻ 7
(വെള്ളം ഒരു നിലപൊക്കത്തിൽ പൊങ്ങി. ആറ് ദിവസം നീണ്ടു നിന്ന ആ മഴയിൽ നല്ലൊരു നാശനഷ്ടം ഗ്രാമത്തിലുണ്ടായി. ആറ് ദിവസത്തിനു ശേഷമുള്ള ദിവസത്തെ വാർത്ത.)
റിപ്പോർട്ടർ:(ഏലിക്കര ഗ്രാമത്തിൽ)
**ഇപ്പോൾ കിട്ടിയ വാർത്ത**. *6 ദിവസം നീണ്ടുനിന്ന മഴയിൽ ഏലിക്കര ഗ്രാമത്തിൽ വൻനാശനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. പലരുടെയും വീടുകൾക്ക് നാശനഷ്ടമുണ്ടായി.വീട്ടുസാധനങ്ങൾ എല്ലാം നശിച്ചു. ശുചീകരണത്തിന് ശേഷമല്ലാതെ വീടുകളിൽ പ്രവേശിക്കൽ അസാധ്യമാണ്. പകർച്ച വ്യാധികൾ പടരുമെന്നതിനാൽ ആരോഗ്യ മന്ത്രി ജാഗ്രത പ്രഖ്യാപിച്ചിരിക്കുന്നു.ഇത്രയും നാശനഷ്ടം വരാൻ കാരണമായി പറയുന്നത്.ഈ പ്രദേശത്തെ വയലിന്റെയും പുഴയുടെയും നികത്തലാണ്.ഇതിന് മുമ്പ് വെള്ളം ഇതുപോലെ വന്നാൽ പോയിരുന്നത്,ഈ പുഴയും വയലും മുറിച്ചായിരുന്നു.അത് കൊണ്ടാണ് ഈ ഭാഗത്ത് കൂടുതൽ നാ ശനഷ്ടം ഉണ്ടായിട്ടുള്ളത്.ഏലിക്കരയിൽ നിന്ന് എബ്രഹാം മാത്യൂ ഏഷ്യാനെറ്റ് എറണാകുളം.*



ഹഫീഫ 9 F

# പ്രളയം തീർത്തൊരു സമ്മാനം

ഒരു ദരിദ്രകുടുംബത്തിലെ പാവം കുട്ടിയാണ് ഉണ്ണിക്കുട്ടൻ. അവന്റെ അച്ഛൻ നാല് വർഷം മുൻപ് മരിച്ചുപോയി. അവന് അമ്മ മാത്രമേയുള്ളു. അവർക്ക് വേറെ ബന്ധുക്കളൊന്നുമില്ല. വളരെയധികം കഷ്ടപ്പാടുകൾ സഹിച്ചാണ് അവർ രണ്ടുപേരും ജീവിക്കുന്നത്. അവർക്ക് കയറി കിടക്കാൻ ആകെയുള്ളത് അടച്ചുറപ്പില്ലാത്ത ഒരു ഓലപ്പുരയാണ്. വൈദ്യുതി ഇല്ലാത്ത വീടാണ് അവരുടേത്.

അന്നേതോ ഒരു ദിവസത്തിൽ ഉണ്ണിക്കുട്ടന്റെ അമ്മ വൈകിയാണ് വീട്ടിൽ എത്തിയത്. അവന്റെ അമ്മ ഏതൊ ഒരു പണക്കാരന്റെ വീട്ടിൽ തൂത്തുവാരാൻ പോയിരിക്കുകയായിരുന്നു. നേരം വളരെ ഇരുട്ടിയിരുന്നു. ഉണ്ണിക്കുട്ടന് പേടിയായി. കുറച്ച് കഴിഞ്ഞപ്പോൾ അമ്മ വീട്ടിലെത്തി. അമ്മ ഉണ്ണിക്കുട്ടനോട് ചോദിച്ചു . "ഉണ്ണിക്കുട്ടാ നിനക്ക് പേടിയായോ? അമ്മ കുറച്ചധികം വൈകിപ്പോയി എന്നോട് പിണങ്ങരുത്." ഉണ്ണിക്കുട്ടൻ പറഞ്ഞു. " അമ്മേ ഞാൻ പേടിച്ചുപോയി രാത്രിയായില്ലേ. അമ്മ ഇനി മുതൽ നേരത്തേ വരുമോ?" ഉവ്വ് മോനേ ഞാൻ നേരത്തേ വരാം ... ഉണ്ണിക്കുട്ടൻ പറഞ്ഞു. " അമ്മേ എനിക്ക് ഉറക്കം വരുന്നു. അമ്മേ എന്റെ

ഒപ്പം വാ......നമുക്ക് ഉറങ്ങാൻ പോവാം.'' ''മോൻ പോയിക്കോ ഞാൻ പിന്നെ വരാം.''

പിറ്റേ ദിവസം രാത്രിയിൽ തകർത്തു പെയ്യുന്ന മഴയും ഇടിയും മിന്നലും തണുപ്പും ഉണ്ടായിരുന്നു. ഉണ്ണിക്കുട്ടൻ ആ രാത്രിയിൽ വളരെയധികം പേടിച്ചു. അവൻ ഉറങ്ങുന്ന സമയത്ത് ഒരു അപ്രതീക്ഷിതമായ ഇടിമിന്നൽ. ഞെട്ടിയുണർന്ന് അവൻ നിലവിളിച്ച് അമ്മയെ വിളിച്ചു. അമ്മ അടുക്കളയിൽ നിന്നും ഒ◌ാടിയെത്തി അവനെ വാരിപ്പുണർന്നു ഉറക്കി. പിറ്റേ ദിവസം അതിരാവിലെയായപ്പോൾ തറയിൽ നിന്ന് ചെറിയ നനവ് അവന് കിട്ടി. അവൻ പെട്ടെന്നു എഴുന്നേറ്റു. അവൻ സ്തംഭിതനായിപ്പോയി. മുറ്റത്ത് മുട്ടോളം വെള്ളം. ആളുകൾ നിലവിളിച്ചുക്കൊണ്ട് അങ്ങോട്ടും ഇങ്ങോട്ടും പരക്കം പായുന്നു. ചിലരുടെ വീടുകൾ വെള്ളത്തിലായി. ഉണ്ണിക്കുട്ടന്റെ വീട് കുറച്ചു പൊക്കത്തിലാണ്. അവന്റെ വീട്ടിലും വെള്ളം എത്തി തുടങ്ങി. അവന്റെ അമ്മ ഉണ്ണിക്കുട്ടാ.......എന്ന് വിളിച്ചുകൊണ്ട് ഒ◌ാടി വന്നു. അവനെ തോളത്ത◌ു കിടത്തി. അപ്പോൾ തന്നെ രണ്ടു രക്ഷാസേവകർ അവിടെ എത്തിച്ചേർന്നു.അമ്മയും ഉണ്ണിക്കുട്ടനും അവരുടെ വഞ്ചിയിൽ കയറി രക്ഷപ്പെട്ടു. അവൻ അമ്മയുടെ തോളത്ത് കിടന്ന് എല്ലാം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അവർ എങ്ങനെയോ ഒരു സ്കൂളിൽ എത്തി. മൂന്നു ദിവസം അവർ അവിടെ താമസിച്ചു. നാലാം ദിവസം അടുക്കുന്ന രാത്രിയിൽ അവൻ കണ്ട കാര്യങ്ങൾ ഒ◌ാർത്തു വിതുമ്പി. അവൻ അമ്മയോട് ചോദിച്ചു.. ''ഇപ്പോൾ നമ്മുടെ വീട് എങ്ങനെയായിരിക്ക◌ു◌ം?'' അമ്മ പറഞ്ഞു ''നമുക്ക് നാളെ പോകാം. ഇപ്പോൾ നീ ഉറങ്ങ്.'' അവൻ അമ്മയെ കെട്ടിപ്പിടിച്ചുറങ്ങി. അമ്മ അവനെ തലോടി.

അങ്ങനെയിരിക്കെ നാലാം ദിവസം അവനും അമ്മയും തിരികെ വീട്ടിലെത്തി. അവിടെ കണ്ട കാഴ്ച്ച അമ്മയ്ക്ക് സഹിക്കാനായില്ല. തനിക്കുണ്ടായിരുന്ന ഒരു കൂടു പോലും ഇല്ലാതായിരിക്കുന്നു. ഒരു തരി പോലും പ്രളയം തന്നില്ല. അമ്മ പൊട്ടി പൊട്ടി കരഞ്ഞു . അമ്മയുടെ തേങ്ങിയുള്ള കരച്ചിൽ കേട്ട് ഉണ്ണിക്കുട്ടനും കരഞ്ഞു. അവൻ അമ്മയെ കെട്ടിപ്പിടിച്ച് പറഞ്ഞു .അമ്മേ, അമ്മ വിഷമിക്കേണ്ട ഞാൻ വലുതാകുമ്പോൾ വലിയ വീടു പണിതു തരാം. അപ്പൊ നമുക്ക് അവിടെ താമസിക്കാം. കുഞ്ഞു മനസ്സിലെ വലിയ ആഗ്രഹം കേട്ട് അമ്മ അവന് ഒരു മുത്തം നൽകി. എന്നിട്ട് അവനെ കെട്ടിപ്പിടിച്ചു കരഞ്ഞു. കുറച്ച് നിമിഷങ്ങൾക്ക് ശേഷം ഏതോ ദൈവദൂതരെപ്പോലെ രണ്ടുപേർ അവരുടെ അരികിൽ എത്തി. അവരുടെ അവസ്ഥകൾ എല്ലാം തിരക്കി. അവർ വലിയ ഏതോ ആളുകളായിരുന്നു. അവർ പറഞ്ഞു. ഞങ്ങളുടെ കമ്പനി നിങ്ങൾക്ക് വീട് ഉണ്ടാക്കിത്തരാം. അമ്മ ഒരു നിമിഷം ചലനരഹിതയായി... എന്നിട്ട് പറഞ്ഞു: വീടോ!ഞങ്ങൾക്ക് വീടോ! ദൈവമേ നന്ദി .ഇന്നോളം എന്റെ ജീവിതത്തിൽ ആരും തന്നെ സഹായിക്കാം എന്ന് പറഞ്ഞിട്ടില്ല. ദൈവമേ നന്ദി. അവരിൽ ഒരാൾ ഉണ്ണിക്കുട്ടനോട് ചോദിച്ചു. നിനക്ക് സന്തോഷം ആയോ.. ഉണ്ണിക്കുട്ടൻ അതിന് മറുപടിയായി ഒന്ന് പുഞ്ചിരിച്ചു.

ഒന്ന് രണ്ടു മാസങ്ങൾക്ക് ശേഷം ഉണ്ണിക്കുട്ടന് ഒരു പുതിയ വീട് ലഭിച്ചു. നല്ല അടച്ചുറപ്പുള്ള വീട്. ഉണ്ണിക്കുട്ടനും അമ്മയും ആ വീട്ടിൽ സന്തോഷത്തോടെ ജീവിച്ചു.



**മേരി ഷിൽന പൊടുത്താസ്**
**VIII C**

# അതിജീവനം

*ഇന്നേക്ക് നാമൊരു മഹാപ്രളയ കാലത്തെക്കൂടി*
*അതിജീവിക്കുന്നു*
*ഒട്ടേറെ കരങ്ങൾ ഒത്ത് ചേർന്നു*
*അന്ന് പ്രളയത്തിലാഴ്ന്ന്*
*മുറിവേറ്റ ഹൃദയങ്ങൾക്കായ്.*

*നമുക്കല്ലാതെ മറ്റാർക്കീകരുത്ത്*
*ഒരുമയുണ്ട് മനസ്സിനും*
*ഇടനെഞ്ചിൻ ഇടിപ്പിനും*
*കേരളമെന്ന ഈ മലയാള മണ്ണിന്*
*ഇതൊരു പുനർജന്മം മാത്രം.*

*ആശ്വസിക്കാം ഇതൊരു നഷ്ടമല്ല*
*ഇത് നമ്മുടെ അതിജീവനമാണ്*
*നാമൊന്നായ് പോകുന്ന കാലങ്ങൾ*
*ഒരിക്കലും താഴ്ന്ന് പോവുകയില്ല.*

*നല്ലതിനായ് പ്രാർത്ഥിക്കാം*
*തളർന്നുപോയ ഹൃദയങ്ങൾക്കായ്*
*നന്ദി പറയാം ആ നല്ല*
*മനസ്സുകൾക്കായ്.*



*ശിവജിതേഷ്*

***9 C***

# തിരിച്ചറിവ്

അന്ന് ഒരു ഇരുണ്ട പകലായിരുന്നു.അനന്തമായ നീലാകാശത്തിൽ സൂര്യനെ മറച്ച് കൊണ്ട് കാർമേഘങ്ങൾ ആധിപത്യം സ്ഥാപിച്ചിരിക്കുന്നു.അവളുടെ ജീവിതത്തിൽ അന്ന് വെളിച്ചം നിറഞ്ഞ ദിവസമായിരുന്നു,എന്നും വഴി-വക്കിൽ കാണുന്ന ആ ചെമ്പൻമുടിക്കാരി തന്റെ നഷ്ട-പ്പെട്ട പൊന്നോമന മകളാണെന്ന് അവൾ തിരിച്ചറിഞ്ഞ ദിവസം.അവളോർത്തു,പണ്ട് അല്ല വെറും നാല് വർഷങ്ങ-ൾക്കു മുൻപ് വിധവയായ തന്റെ കയ്യിൽനിന്ന് എങ്ങനെ-യോ നഷ്ടപ്പെട്ട ഏക മകൾ.അന്ന് ആ കുട്ടിയെ അന്വേഷി ക്കാത്ത ഇടമില്ല.പരസ്യം കൊടുക്കാത്ത പത്രങ്ങളില്ല, അവളെ കനവ് കണ്ടുറങ്ങാത്ത രാവുകളില്ല.ഒരു ഭ്രാന്തിയാ-യി മാറിയ എന്നെ ആരോ എന്തിനോ ചികിത്സിച്ചു. ഭർത്താവിന്റെ വീട്ടുകാരാണെന്ന് തോന്നുന്നു.രോഗം ഭേദ-മായ എനിക്ക് തിരക്കേറിയ ഒരു പട്ടണത്തിൽ ഒരു ഫ്ലാറ്റും-സാമാന്യം ശമ്പളമുള്ള ഒരു ജോലിയും വാങ്ങിതന്നു. അപ്പോഴും ഉള്ളു നിറയെ നീറുന്ന ഓർമ്മകളുമായി ഞാൻ

നടന്നു. എന്നും ഞാനെന്റെ പൊന്നോമനയെ കനവുകണ്ടുറങ്ങി.അവളുടെ ഓർമ്മയിൽ ഞാൻ നീറിനീറി ജീവിച്ചു.
യൗവ്വനത്തിൽ നിന്നു. ഞാൻ പടിയിറങ്ങിയിട്ടില്ല. ഇനിയൊരു വിവാഹം വേണ്ടെന്നുതന്നെ ഞാൻ കരുതി.
മൂന്നു വർഷങ്ങൾ അങ്ങനെ കടന്നുപോയി,വീണ്ടും മാസങ്ങൾ,അത് വർഷമായി,നാല് വർഷം.ജോലി സ്ഥലത്തെ വീർപ്പുമുട്ടലും കഴിഞ്ഞ് ഒരു വൈകുന്നേരം തിരക്കേറിയ റോഡ്സൈഡിലൂടെ ഞാൻ നടക്കുകയായിരുന്നു.ഒരു ചെറിയ കുട്ടി,കണ്ടാലൊരഞ്ചു വയസ്സ് തോന്നിക്കും.എണ്ണ തൊട്ടിട്ടില്ലാത്ത ചെമ്പൻ മുടി കാറ്റത്ത് പാറിപറക്കുന്നു.
ഐശ്വര്യം തുളുമ്പുന്ന ആ കൊച്ചു മുഖത്തിൽ ക്ഷീണിച്ചിരിക്കുന്ന സുന്ദരമായ രണ്ട് കുഞ്ഞികണ്ണുകൾ.മെലിഞ്ഞു-ണങ്ങിയ വെളുത്തശരീരം.അൽപം പഴകിയ അല്ല,നല്ല പഴകിയ നരച്ച കുഞ്ഞികുട്ടിയുടുപ്പ്.അഴകുള്ള നഗ്നമായ കാലുകൾ.അവൾ എന്നെ നോക്കി ഒന്നുപുഞ്ചിരിച്ചു.പക്ഷെ എന്തോ?ഞാൻ ചിരിക്കാൻ മറന്നുപോയി.എത്ര കഠിനഹൃദയനാണെങ്കിലും ആ പുഞ്ചിരി കണ്ടാൽ ചിരിക്കാതിരിക്കില്ല.ഞാൻ ചിരിക്കാതിരുന്നത് എന്തുകൊണ്ടോ എന്തോ? അന്ന് രാത്രി കിടപ്പറയിലെത്തിതിരിഞ്ഞും മറിഞ്ഞും കിടന്നു.ആ പുഞ്ചിരി കണ്ണിൽ നിന്നും മായുന്നില്ല.പിറ്റേന്നും ഞാനവളെ കണ്ടു.അതേ വേഷം. അവൾ എന്നെ നോക്കി മെല്ലെ ഒന്നു ചിരിച്ചു.ഞാൻ ഒരു പുഞ്ചിരി മറുപടിയായി കൊടുത്തു.എന്റെ ചിരി കണ്ട ആ കുട്ടി തന്റെ പല്ലു കാട്ടി ആവുന്നത്ര രസത്തിൽ പുഞ്ചിരിച്ചു എത്ര രസകരമായ പുഞ്ചിരി.അല്ല, ചിരി.ചൂടു പിടിച്ച് കത്തി തീക്കനലിട്ട എന്റെയുള്ളിൽ തണുത്തവെള്ളം കോരിയൊഴിച്ച ഒരനുഭൂതി ആ ചിരി എനിക്കു സമ്മാനിച്ചു.പിന്നീടെന്നും ഞാനവളെ കാണും ചിരിക്കും.അവളെ കാണാതെ എനിക്കുറങ്ങാനാവില്ല എന്നായി.പക്ഷെ,അവളാരെന്നോ എന്തെന്നോ എനിക്കറിയില്ല.ഓഫീസിലെ വീർപ്പുമുട്ടിക്കുന്ന ദിവസങ്ങളിൽ പുഞ്ചിരികൊണ്ട് സമാധാനം ആ കുട്ടിയാണ്.പതിവുപോലെ ഒരു ചൂടുള്ള

ദിവസം.ഞാനാവഴിയെ നടന്നു.അവളെ കണ്ടില്ല.എന്തോ
എനിക്ക് വിഷമമായി.അവളെവിടെ പോയി ....അവളാരാണ്?
അവളെവിടെയാണ് താമസിക്കുന്നത്?അവളെങ്ങനെയാണ്
ഇവിടെ വന്നത്?എന്നിങ്ങനെ ഒര◌ുപാട് ചോദ്യം എന്റെ ഉള്ളിൽ
പോയി മറഞ്ഞുകൊണ്ടിരിക്കവെ എന്റെ സാരി
തുമ്പിൽ ആരോ പിടിച്ചുവലിച്ചു.അവളാണ്,അവൾ തന്നെ-
യാണ് ഞാനെന്നോടു തന്നെ പറഞ്ഞു.ഒരിടവേളയ്ക്കു
ശേ ഷം ഞാൻ തിരിഞ്ഞുനോക്കി.വിരിഞ്ഞ പൂവ് വാടി.
അതവളല്ല ഒരു കുട്ടിയാണ്.പാവം എന്റെ മുന്നിൽ കൈ
നീട്ടി.കുറേ സിബ്ബുകളുള്ള എന്റെ ബാഗിൽ കയ്യിട്ടു കിട്ടി-
യതു ഞാനവനു കൊടുത്തു.അന്ന് തീരാദു:ഖത്തോടെ-
യാണ് ഞാൻ വീട്ടിൽ വന്നു കേറിയത്.തിരിഞ്ഞും മറിഞ്ഞും കിടന്ന് ഞാനാരാത്രി കഴിച്ചുകൂട്ടി.പിറ്റേന്നും ഞാൻ അവളെ പ്രതീക്ഷിച്ച് ആ വഴി നടന്നു.എനിക്ക് വഴി മാറി. മറ്റൊരു ഇടവഴിയിലേക്ക് ഞാൻ കയറി. സാധാരണയിൽ സാധാരണക്കാരായ, അല്ല തിർത്തും ദരിദ്രരായ ഒരു കൂട്ടം പേർ താമസിക്കുന്ന ഒരിടം. സിനിമകളിൽ മാത്രമേ ഞാൻ ഇങ്ങനെ കണ്ടിട്ടുള്ളൂ. ഒരറ്റത്ത് അടുപ്പ് കൂട്ടി തീ കത്തിക്കാൻ പ്രയാസപ്പെടുന്ന ഒരു വൃദ്ധയെ ഞാൻ കണ്ടു.അവരുടെ അടുത്തേക്ക് ഞാൻ പോയി.വാർദ്ധക്യം നിറഞ്ഞ കുഴിഞ്ഞ കണ്ണുകളോടെ ഒരൽപം ദയക്കായ് അവരെന്നെ നോക്കിയിട്ട് ചോദിച്ചു "കുഞ്ഞേ ഈ അടുപ്പൊന്ന് കത്തിച്ചു തരാമോ?" ഞാൻ പൂർണ മനസ്സോടെ ആ ചെളിഞ്ഞ പ്രദേശത്തിരുന്നു. പുത്തൻ സാരിയിൽ കറയായെങ്കിലും ഞാനത് ഗൗനിച്ചില്ല.എന്താ അമ്മയുടെ പേര് ഞാൻ ചോദിച്ചു. അവരൊന്നും പറഞ്ഞില്ല.വീട്ടിൽ ആരെല്ലാമുണ്ട്? ഞാൻ വീണ്ടും ചോദിച്ചു.ഞാനും എന്റെ കൊച്ചുമോളും. അവളെന്റെ മോളല്ല മക്കളില്ലാത്ത എനിക്ക് വഴിയിൽ കിടന്ന് കിട്ടിയതാണവളെ.ഞാനും വഴിവക്കിൽ തള്ളപ്പെട്ട ഒരമ്മയാണ്. ആ ചെമ്പൻ മുടിക്കാരി എവിടെ നിന്നോ ഓ◌ാടി വന്നു. എന്നെ നോക്കി ചിരിച്ചു.അപ്പോഴേക്കും മാനം കറുത്തു. ഇനി തീ കൂട്ടിയിട്ട് കാര്യമില്ല മഴപെയ്യും അവർ പറഞ്ഞു. ഏറെ ചെറിയ

ഒരുകുടിലിൽ അവർ എന്നെ ഇര◌ുത്തി ഞാനെന്റെ പൊന്നോമനയെ ഒ◌ാർത്തു.അവളുടെ ചുണ്ടിനു താഴെ ഇത്തിരിപ്പോന്ന ഒരു മറുകുണ്ടായിരുന്നു. ആ ചെമ്പൻ മുടിക്കാരി എന്നെ അമ്മേ എന്നു വിളിച്ചു ഞാൻ ഞെട്ടി.അവളുടെചുണ്ടിനു താഴെ ഒളിച്ചിരുന്ന മറ◌ുക് ഞാൻ കണ്ടു.അവളെന്റെ മകളെല്ലെന്ന് എനിക്കറിയാം. എന്നാലും ഇനിയവളെന്റെ മകളാണ്. ഞാൻ തിരിച്ചറിഞ്ഞു. .എനിക്ക് നഷ്ടപ്പെട്ട എന്റെ പൊന്നു മോൾ.



**റിൻസിയ . പി.എം.**
**VIII.C**

# <u>പൂമ്പാറ്റ</u>

*ചന്തമേറും പൂവിൽ*
*വന്നിരിക്കും സുന്ദരി*
*മന്ദമാ യീകാറ്റിൽ*
*പാറിനടക്കും സുന്ദരി*
*എന്തിനീ എന്തിനീ*

*മധുവെല്ലാം കവർന്നു നീ*

**ഹുസൈൻ**
3.A

# കേരളം ഇന്നലെ ഇന്ന്

'കേരളം' ദൈവത്തിന്റെ സ്വന്തം നാട്. കേരം തിങ്ങും നാട് , പരമ്പരാഗത കലാലയം അങ്ങനെഒരുപാടുണ്ട് കേരളമെന്ന കൊച്ചുസംസ്ഥാനത്തിന് വിളിപേരുകളായിട്ട്..അന്നും ഇന്നും വിദേശികൾക്ക് കേരളം ഒരത്ഭുതമാണ് എന്നാൽ നമ്മൾ കേരളീയർക്കോ,നമുക്കത്ഭുതം വിദേശങ്ങളോടും , നാം കേരളത്തെ കാണുന്നില്ല അതിന്റെ പാരമ്പര്യത്തെയും പ്രൗഢിയേയും സൗന്ദര്യത്തെയും ഒന്നും നമുക്ക് കാണാനാവുന്നില്ല. പക്ഷേ അറിയണം കേരളത്തെ ..നമ്മുടെ കേരളത്തെ എന്നാലെ ഇനി വരുന്ന തലമുറകൾക്കും നാടിനെ സ്നേഹിക്കാൻ കഴിയൂ ജീവിക്കാൻ കഴിയൂ. അല്ലങ്കിൽ കേരളം വെറുമൊരു പാഴ്നിലം മാത്രം .

കേരളത്തെപ്പറ്റി പറയാൻ ഒരുപാടുണ്ട്, 1956 നവംബർ 1 -ൽ കേരളസംസ്ഥാനം നവീകരിക്കുന്നതിന് മുൻപ് നമ്മുടെ കേരളമുണ്ടായിരിന്നു. അടിച്ചമർത്തലുകളുടേയും മേൽക്കോയ്മകളുടേയും അടിമതത്വത്തിന്റെയും അശാന്തിയുടേയും തീരാ വേദനകളിൽ പെട്ടിഴഞ്ഞിരുന്ന കേരളം.

അരവയറുകാരുടെ, പട്ടിണിപാവങ്ങളുടെ സ്വന്തം നാട്. എന്നാൽ അവരവർക്ക് അവരവരോട് വിശ്വാസമുണ്ടായിരുന്നു. ഇന്നത്തെ കേരളത്തിനത് പുതമയുള്ള കാര്യം. അവസാനം കുറേ സാമൂഹ്യപ്രവർത്തകർ വന്ന് പറങ്കികളുടെ കഴുകൻ കണ്ണുകളിൽ നിന്ന് നമ്മെ രക്ഷിച്ചു. അങ്ങനെ കേരളം

സ്വതന്ത്രമായി. പണ്ടുതുടങ്ങിയുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങനളും കേരളത്തെ അതിന്റെ സമ്പന്നതയിലേക്ക് എത്തിച്ചു. അത് മാത്രമല്ല കഠിനാധ്വാനം. കേരളത്തെ കേരളമാക്കിയ കൈതൊഴിൽ കൃഷി കർഷകന്മാർ കേരളത്തിന്റെ മണ്ണിന്റെ മക്കൾ നെല്ലിന്റെ അന്നത്തിന്റെ പിതൃക്കൾ പഞ്ചഭൂതങ്ങളോട് പടപൊരുതി വരണ്ട ഭൂമിയെ സ്വർണ്ണം വിളയുന്ന പാടമാക്കിയെടുക്കുന്നവർ. കേരളത്തിന്റെ അഭിമാനം അഹങ്കാരം കേരളത്ത സൃഷ്ടിക്കുന്ന, വാർത്തെടുത്ത് കൊത്തിയെടുക്കുന്ന പെരുന്തച്ഛന്മാർ ഉറങ്ങുന്ന മണ്ണ്. ഒരേ പാത്രത്തിലുണ്ട് ഒരേ പായയിൽ കിടന്നു വളർന്ന സ്നേഹസൗഹൃദങ്ങൾ. ഹിന്ദുവോ മുസ്ലീമോ എന്നിങ്ങനെ വേർതിരിവില്ലാത്ത സാഹോദര്യ സ്നേഹം. പാവപെട്ടവന് വേമണ്ടി പൊരുതുന്ന ജനത. കലാലയങ്ങളുടെ അടിത്തറ, സാഹിത്യകാരന്മാരുടെ തറവാട്, പ്രകൃതിയുടെ ഊഷ്മളത, കേരളം സുന്ദരമാണ്. കസവുടുത്ത് കുങ്കുമം ചാർത്തി തിരുവാതിരയെ വരവേൽക്കുന്ന വീട്ടമ്മമാർ, കുഞ്ഞുടുപ്പിട്ട് കുട്ടയുമെടുത്ത് പൂക്കൾ പറിക്കാൻ പോകുന്ന കിടാങ്ങൾ, പത്ത് തരം കറികളോടും രണ്ടുതരം പായസത്തോടും കൂടെ വിഭവസമൃദ്ധമായ സദ്യ. അരിമാവുകൊണ്ടുണ്ടാക്കിയ അപ്പവും പാലും നെയ്ചോറും അങ്ങനെ കേരളം വൈവിധ്യങ്ങളുടെ നാടായിരുന്നു. സസ്യങ്ങളായാലോ അങ്ങ് ബ്രിട്ടൺകാർ വരെ മലബാറിലെ സസ്യങ്ങളെക്കുറിച്ച് ഗ്രന്ഥം തയ്യാറാക്കിയിരുന്നു. അത്രയ്ക്ക് കേമം. പ്രകൃതിയുടെ അകമഴിഞ്ഞ സ്വരൂപം .. പൂർണ്ണ സൗന്ദര്യം തുളുമ്പി നിൽക്കുന്ന സ്ഥലം ..അഴിച്ചിട്ട കേശഭാരം പോലെ വശ്യമായ ഉൾവനങ്ങൾ. കുങ്കുമപൊട്ട് പോലെ സൂര്യൻ അവൾക്കു ചേരും വിധം സമയകാലങ്ങൾക്കനുസരിച്ച് അതിന് വർണ്ണമാറ്റം വരുന്നു. പവിഴമുത്തുകൾ പോലെ നദീതടങ്ങൾ അങ്ങനെ പ്രകൃതിയെ അതിന്റെ മൂർദ്ധന്യാവസ്ഥയിൽ കാണണമെങ്കിൽ കേരളം തന്നെയായിരുന്നു ഏറ്റവും ആദ്യം. എത്രയെത്ര സാഹിത്യകാരന്മാരാണ് കേരളം തങ്ങളുടെ തറവാടാക്കി അവരുടെ വഴി തെളിച്ചത്. എത്രയെത്ര കലാകാരന്മാരാണ്

കേരളം അതിസുന്ദരമാക്കിയത്. ദൈവത്തിന്റെ സകല കലാവിരുതുകളും കൊണ്ട് പണി കഴിച്ച അരക്കില്ലം. അതെ അരക്കില്ലം.ഇന്നെന്തുണ്ട് കേരളത്തിന്? പാരമ്പര്യവും പ്രൗഢിയും മനുഷ്യൻ നശിപ്പിച്ച് തുടങ്ങിയിട്ട് നാളെറെയായി. പിന്നെ കല അതിന് ഇന്നും കാര്യമായ ക്ഷതങ്ങളൊന്നും സംഭവിച്ചിട്ടില്ല. എന്നാൽ ആ വാക്കോ?ദൈവത്തിന്റെ സ്വന്തം നാടെന്ന വാക്ക്, അത് ഇന്ന് വെറും ഒരോർമ്മ മാത്രം. വെറും ഒരോർമ്മ. ഇന്നെവിടെയെങ്കിലും കാണുമോ ഒരു കർഷകനെ ? അന്നന്നത്തെ അന്നത്തിനു വേണ്ടി അധ്വാനിക്കുന്ന കേരളത്തിന്റെ സ്വന്തം മകനെ? ഇല്ല ! എല്ലാവർക്കും വേണ്ടത് അവനവന്റെ സുഖമാണ്. നമ്മുടെ നാട്ടിൽ വിദേശികളെക്കാൾ കൂടുന്നത് പ്രവാസികൾ ആണ് കാരണം തിരക്കിയാൽ പറയും ഇവിടെയെങ്ങും ജോലിയ്ക്കു സാധ്യതയില്ല. എന്തുകൊണ്ട് ഇവിടെയുള്ള പറമ്പും വയലുകളുമൊക്കെ ഇന്ന് വെറും പാഴ് നിലങ്ങൾ മാത്രം.

കേരളം തിരിച്ചു പിടിക്കാം എന്ന് മലയാളി കൈയ്യിൽ കൈക്കോട്ടേന്തുന്നുവോ അന്ന് കേരളം തിരിച്ചു വരും കർഷകന്റെ വിളിക്ക് കേരളം കാതോർത്തേ മതിയാവൂ. കാരണം മാതൃത്വത്തിന്റെ സ്ഥാനം വളരെ വലുതാണ്. അന്ന് പാവപ്പെട്ടവന്റെ വയറുനിറയ്ക്കാൻ വേണ്ടിയുള്ളതായിരുന്നു പാർട്ടികൾ ഇന്നോ അവനവന്റെ പോക്കറ്റു നിറയ്ക്കാൻ വേണ്ടി മാത്രം. ഓണം കേരളത്തിന്റെ മാത്രം ഉത്സവം ഇന്ന് വെറും ഒരു ചടങ്ങ്. പണ്ട് സ്ത്രീജനങ്ങൾ കുളിച്ച് കുറിയിട്ട് പൂക്കൾ കിള്ളി കളമിട്ടു പാട്ടുപാടികൈകൊട്ടി തകർത്താടിയിരുന്ന ഓണം ഇന്ന് ഒരു പ്ലാസ്റ്റിക്ക് ഷീറ്റിൽ തീരും പൂക്കളം. കേരളം നമ്മുടെ കൈയ്യിലാണ്. മലയാളിക്ക് മേന്മ പ്രവാസിയാണെന്നു പറയുമ്പോഴല്ല മറിച്ച് നിവാസിയാകുമ്പോഴാണ് ചോരനീരാക്കി പെരുതുന്ന കർഷക സമൂഹമാകുമ്പോൾ. വികസനങ്ങനൾ കൊണ്ട് തിങ്ങി നിറഞ്ഞ കേരളം ഇപ്പോൾ എവിടെ പോയി? ഒരു പ്രളയം വന്നപ്പോഴേക്കും തീർന്നു സകല വികസനങ്ങളും. ഇനിയും നാം എന്താണ് പ്രതീഷിക്കുന്നത്? മഹാനാശമോ . അത് വരുന്നതിനു മുൻപ് തിരിച്ചു പിടിക്കൂ കേരളത്തെ.

സ്വന്തം നാടിനെ സ്നേഹിക്കൂ എന്നിട്ടു മതി വിദേശരാജ്യങ്ങൾ. മലയാളിയാണെന്നു പറയുമ്പോഴുള്ള അഭിമാനത്തോളം വരില്ല ഒരു രാജ്യത്തും ഒരാളുടെ കൂഴിലും ഉള്ള ജോലി. കർഷകൻ എന്ന വാക്കിന് കേരളം ഒരു പര്യായമാണ്. കർഷകൻ കൈെക്കോട്ടിടുത്താൽ വഴങ്ങി വരും കേരളം. നാം മനുഷ്യർ നമ്മുടെ അടിവേരുകൾ മറക്കുമെങ്കിലും കേരളം അതിന്റെ പാരമ്പര്യത്തെ മറക്കില്ല. കേരളം നമ്മെ പ്രതീക്ഷിക്കുന്നു ഇന്ത്യ ഗാന്ധിജിയെ പ്രതീക്ഷിച്ചതു പോലെ. നമ്മുടെ നാട് നമ്മുടെ കൈെകളിലാണ്. കൈെവിടരുത് നമ്മുടെ ജീവനെ. നല്ലാെരു നാളേയ്ക്കു വേണ്ടിയുള്ള പരിശ്രമമാണ് ഇനി കേരളീയർക്ക് ആവശ്യം.



**നന്ദന.കെ.എസ്**
**10 E**

# <u>തിരിച്ചറിവ്</u>

ദീപുവിന്റെ കണ്ണുകൾ നിറയുവാൻ തുടങ്ങി. അവൻ അറിയാതെ തന്നെ മറ്റേതോ ഒരു ലോകത്തിലേക്ക് എടുത്തെറിയപ്പെടുകയായിരുന്നു. ആ വാർത്ത അവനെ അവനെല്ലാതാക്കി മാറ്റ്യിരുന്നു. മാനസികമായി അവൻ തളർന്നുപോയി. താൻ ചെയ്ത തെറ്റ് മൂലം ഇത് സംഭവിച്ചുവെന്നറിഞ്ഞ് അവൻ എല്ലാം ഇട്ടെറിഞ്ഞ്

ആശുപത്രിയിലേക്ക് ഓടി. വഴിയിൽ ആരുടെയൊക്കെയോ വണ്ടിയിൽ കയറി അവൻ അവിടെയെത്തി.

മംഗലത്ത് വീട്ടിൽ എന്ന ജന്മിമാരായിരുന്നു ആ നാട്ടിലെ ഏറ്റവും വലിയ പണക്കാർ ആ വീട്ടിലെ ഒരു വേലക്കാരിയുടെ മകനായിരുന്നു ദീപു. കോലോത്തെ തമ്പുരാൻ പറയുന്നതനുസരിച്ച് വളർന്നവനാണ് അവൻ. പക്ഷേ അവൻ മറ്റുള്ളവരിലും നിന്ന് തികച്ചും വ്യത്യസ്തനായിരുന്നു. അവനിഷ്ടമല്ലാത്ത ഏതൊരു കാര്യത്തേയും അവൻ തന്റെ വരുതിയിൽ കൊണ്ട് വന്ന് ഇഷ്ടമുള്ളത് പോലെയാക്കും. വർഷങ്ങളായി അടുക്കളയുടെ തടങ്കലിൽ പെട്ട് അവനെ വളർത്തിയ ആ സ്ത്രീക്ക് ഉണ്ടായിരുന്ന ഏക പ്രതീക്ഷയായിരുന്നു അവൻ.

കാലം ചീറിപ്പായുന്ന മഴ പോലെ കടന്നുപോയി,ഒപ്പം ദീപുവും വളർന്നു. അവൻ തന്റെ പഠനം നാട്ടിൽ തന്നെ പൂർത്തിയാക്കി. പക്ഷെ അവന് ഉള്ളിൽ മറ്റൊരാഗ്രഹം ഉണ്ടായിരുന്നു. അവന് തന്റെ അമ്മയേയും കൊണ്ട് ആ നഗരത്തിൽ നിന്ന് രക്ഷപെടണമെന്നുണ്ടായിരുന്നു. എന്നാൽ തമ്പുരാൻ അവരെയെല്ലാം എന്നും അടിമകളായാണ് കണ്ടിരുന്നത്. അതിനെതിരെയുള്ള പ്രതിഷേധമായിരുന്നു അവന്റെ ഒളിച്ചോട്ടം. അമ്മയേയും, നാടിനേയും, അവന്റെ പ്രിയപ്പെട്ട അമ്മുവിനെയും വിട്ട്. അവൾ അവന്റെ എല്ലാമായിരുന്നു. അമ്മയെപ്പോലെ അത്രയും അവൻ സ്നേഹിച്ച മറ്റൊരളായിരുന്നു അവൾ... അവന്റെ കളിക്കൂട്ടുക്കാരി, ആദ്യ പ്രണയിനി. അവളെ പിരയുന്ന അവന് ഒരുപാട് ദു:ഖമുണ്ടായിരുന്നു. പക്ഷേ അവന് ഒരു ലക്ഷ്യമുണ്ടായിരുന്നു. അവൻ അന്നു രാത്രി അമ്മയോട് പറഞ്ഞു. "അമ്മേ, ഞാൻ പോകുവാ ഇനി ഞാൻ വരുമ്പോൾ ഈ ആട്ടുംതുപ്പും കേൾക്കേണ്ടി വരില്ല അമ്മയേയും ഞാൻ കൊണ്ടുപോകാം "

കേട്ട പാതി കേൾക്കാത്ത പാതി അമ്മ നിശബ്ദയായി. മണ്ണെണ്ണവിളക്ക് ഊതികെടുത്തി പിന്നാമ്പുറത്തേക്ക് പോയി. ദീപു നാട് വിട്ടു അമ്മുവിനോടും യാത്ര പറഞ്ഞ് അവൻ പട്ടണത്തിലെത്തി. ഗ്രാമത്തിന്റെ പച്ചപ്പിൽ വളർന്ന അവന് നഗരം ഒരു പുതിയ ലോകമായിരുന്നു ആ ലോകത്ത് അവൻ ഒരു പുതിയ കുട്ടിയായിരുന്നു. നഗര ജീവിതത്തിൽ അവൻ തന്റെ ലക്ഷ്യം മറന്നു. അറിവില്ലായ്മ കൊണ്ട് പലതെറ്റുകളുിലും അവൻ ചെന്നുപെട്ടു. സഹായിക്കാനോ, ഒരു വാക്ക് കൊണ്ട് പോലും ആശ്വസിപ്പിക്കാനോ ആരുമുണ്ടായില്ല.

അവസാനം എല്ലാം നഷ്ടപ്പെട്ട് നാട്ടിലേക്ക് യാത്ര തിരിക്കുവാൻ തുടങ്ങി. അങ്ങനെ റെയിൽ വേ സ്റ്റേഷനിൽ നിൽക്കുമ്പോഴാണ് അവനെ തേടി നാട്ടിലെ തന്റെ ഉറ്റ സുഹൃത്തിനെ കാണുന്നത്. നാട്ടിലെ വിവരങ്ങൾ അറിഞ്ഞ് അവൻ ആകെ തളർന്നുപോയി. തന്റെ അമ്മു ഇന്ന് മറ്റൊരുടേയോ ഭാര്യയായിരിക്കുന്നുവെന്നും ഇനി അവളെ തനിക്ക് തന്റെ സ്വന്തമായി കാണാൻ കഴിയില്ല എന്നും. അമ്മയുടേയും അവസ്ഥ ദയനീയമാണത്രേ. ആ സ്ത്രീയെ വാർദ്ധക്യം ബാധിച്ചിരിക്കുന്ന എന്ന സത്യം മനസ്സിലാക്കാതെ മറ്റുള്ളവരെല്ലാം ഇപ്പോഴും അവരെക്കൊണ്ട് ഒരു പട്ടിയെപ്പോലെ പണിയെടുപ്പിക്കുകയാണ്. കഴിഞ്ഞ ആഴ്ച തലകറങ്ങിവീണതിനാൽ അവർ ഇപ്പോൾ ആശുപത്രിയിലാണെന്നും.. ഈ വിവരം കേട്ടതോടെ അവൻ ആകെ തകർന്നുപോയി. തിരിച്ചുള്ള യാത്ര മുഴുവൻ തന്റെ അറിവില്ലായ്മയെ കുറിച്ചുള്ള ചിന്തകളായിരുന്നു. നാട്ടിലെത്തി ആരുടെയൊക്കെയോ വണ്ടിയിൽ കയറി ആശുപത്രിയിലെത്തി അവിടെ ശുശ്രൂഷിക്കാൻ പോലും ആരുമില്ലാത്ത ആ വാർഡിന്റെ ഒരു കോണിൽ അവന്റെ അമ്മ ഉണ്ടായിരുന്നു. മുഷിഞ്ഞ വിരിയിൽ മകന്റെ വരവ് കാത്ത് കിടക്കുകയായിരുന്നു അമ്മ. താൻ ചെയ്തത് തെറ്റാണെന്ന് അവന് ബോധ്യമായി ആ തെറ്റ് അവന് തിരുത്തണമെന്നുണ്ടായിരുന്നു. അമ്മയെ ആശുപത്രിയിൽ നിന്നും വിട്ടു. അവർ കോലോത്തേക്ക് മടങ്ങിയില്ല. അമ്മയേയും കൂട്ടി നഗരത്തിലേക്ക് പോകാൻ തീരുമാനിച്ചു. അപ്പോഴാണ് അവൻ യാത്രക്കിടയിൽ അമ്മുവിനെയും അവളുടെ പുതിയ ഭർത്താവിനെയും കാണുന്നത്. അവൻ എല്ലാം ഉള്ളിലൊതുക്കി കൊണ്ട് മെല്ലെ അവളോട് ചോദിച്ചു.

"എന്താ എന്നെ അറിയിക്കാതിരുന്നത് ?" അവൾ മറുപടിയൊന്നും പറഞ്ഞില്ല. നിറയുന്ന കണ്ണുകളോട് കൂടി അവൾ അവന്റെ കണ്ണിലേക്ക് നോക്കി. ആ നോട്ടത്തിൽ എല്ലാം ഉണ്ടായിരുന്നു. അവൻ തന്റെ അനുഭവങ്ങളിൽ നിന്ന് ഒരുപാട് പഠിച്ചിരുന്നു. ഈ ചെറുപ്രായത്തിൽ തന്നെ ഒരുപാട് കാര്യങ്ങൾ അവൻ തിരിച്ചറിഞ്ഞു ഓരോ പാഠങ്ങളായി ആ പാഠത്തിലെ ഒരു ഭാഗമായിരുന്നു അമ്മു എന്നുതന്നെ അവൻ തിരിച്ചറിഞ്ഞു. അവൻ അമ്മയേയും കൂട്ടി യാത്ര തിരിച്ചു അവൻ ഒരു പുതിയ ജീവിതത്തിന് തുടക്കമിടുകയായിരുന്നു.

ദീപു അവിടെ ഒരു വാടകവീടെടുത്തു അവിടെ അമ്മയ്ക്കും മകനും വേണ്ടി അവർ ഒരു കൊച്ചു സ്വർഗം തന്നെ

തീർത്തു. ആഡംബരങ്ങളോ മറ്റ് സുഖങ്ങളോ ഇല്ലെങ്കിലും അത് അവർക്ക് ഒരു സ്വർഗമായിരുന്നു. എല്ലാത്തിലും വലിയ സന്തോഷം ഇതാണെന്ന് ദീപു വീണ്ടും തിരിച്ചറിഞ്ഞു.



**അദിയ രാജേഷ്**
**10.D**

# പ്രകാശം

*തെറ്റുകൾ കുന്നുകൂടിയപ്പോൾ*
*വഴികൾ ഇരുട്ടുമൂടിയപ്പോൾ*
*ശരിയെന്ന ഒരു പൂവായി*
*മുളച്ചതാണീ പ്രകാശം...*

*ഇരുട്ടിന്റെ ആക്രമണങ്ങൾ*
*നമ്മെ വേട്ടയാടിയപ്പോൾ*
*ഒരു രക്ഷാവലയമായി*
*എത്തീ ഈ പ്രകാശമാലാഖ...*

*വഴി തെറ്റിക്കുന്ന ഓരോ*
*പിശാചുകൾക്കും എതിരായി*
*നേർവഴി കാട്ടിത്തന്നതായിരുന്നു*
*പ്രകാശം....*

*സൂര്യനോട് നാം ചെയ്യുന്ന*
*ദു ഷ്പ്രവർത്തികൾ ഓർക്കൂ*
*ചിന്തിക്കൂ മാറൂ നാം*
*നല്ലവരാകൂ...*

ഇരുട്ടെന്നാൽ തെറ്റും
പ്രകാശമെന്നാൽ ശരി
യുമാണെന്ന് ഓർത്ത്
മുന്നേറൂ ...

തെറ്റുകൾ സംഭവ്യമാകുന്നതും
തെറ്റിലേക്ക് മനുഷ്യൻ
നടക്കുന്നതും ഇരുട്ടിന്റെ
പ്രലോഭന കാരണമല്ലോ..?

ഓർക്കൂ ..നീ മാനുഷാ
ഇരുട്ടിനേക്കാൾ നന്മ
പ്രകാശത്തിനുണ്ടെന്ന്
മനസ്സിലാക്കൂ ...

തിരഞ്ഞെടുക്കൂ നിൻ
പാതയെ നീ
പ്രകാശത്തെ നീ
മുന്നിൽ കാണൂ ...

ഇരുട്ടിൽ നാം കണ്ണട
ക്കുമ്പോൾ നമ്മുടെ
കണ്ണുകൾ തുറന്നിടുന്നതും
പ്രകാശം...

പ്രകാശം പരക്കുന്നത്
നന്മയെ ക്ഷണിക്കുന്ന
താണെന്ന സത്യം
മനസ്സിലാക്കുവിൻ..

രാത്രി മാറി രാവ്
പ്രകാശം പരത്തുമ്പോൾ
ഓർക്കുക..നീ..അതൊരു
നന്മക്കാണ്...

 ***ഫാത്തിമ മുഹമ്മദ്***

***8 B***

# <u>മരങ്ങൾ നമ്മുടെ കൂട്ടുകാർ</u>

*കാട്ടുതീയിൽ വീണു വെന്തു കിടക്കുമ്പോൾ*
*കാടുകൾ ചൊല്ലുന്ന സങ്കടങ്ങൾ,*
*മനുഷ്യനു മാത്രം അല്ല ഈ ജീവിതം*
*കാടിനുമുണ്ടെന്നോർക്കാത്തവർ നാം*

*ഇന്നെനിക്കുണ്ടായ സന്തോഷം നീ തന്നെ,*
*മൂടിക്കിടത്തി കളഞ്ഞതും നീ തന്നെ.*
*ആളിക്കത്തുന്ന വൃക്ഷങ്ങളിൽ നിന്നും*
*കേൾക്കുന്നു ചങ്ങാതി ശബ്ദം*

*അമ്മേ,അമ്മേ എന്ന വിളികൾ*
*അലയായടിക്കുന്നെൻ കാതുകളിൽ*
*കാടിന്റെ സങ്കടം ഭാഗിച്ച് നമ്മോട്*
*ചൊല്ലിപ്പിരിയുന്നു ചങ്ങാതിമാർ.*



*നൂറ ഖദീജ*
*9 F*

# നിനച്ചിരിക്കാതെ

നിനച്ചിരിക്കാതെ എന്നും എപ്പോഴും കടന്നു വരാം എന്നവൾ മനസ്സിലാക്കി. അമ്മ മറ്റുള്ളവരുടെ കൂടി പറ്റിപിടിച്ച ചെളി വൃത്തിയാക്കുന്ന സമയം ആ ചെളിപിടിച്ച തൂണിൽ ചാരി ഇരുന്നു കൊണ്ട് അവൾ ഓർത്തു. എല്ലാം സംഭവിച്ചത് പെട്ടെന്നാണ്, നിനച്ചിരിക്കാതെ....

പതിവ് പോലെയായിരുന്നില്ല അന്നത്തെ അന്തര◌ീക്ഷം. ആകെ കറുത്തിരിക്കുന്നു. സൂര്യനെ മറച്ചു കൊണ്ട് മേലെ അനന്തമായ നീലാകാശത്തിൽ കാർമേഘം തന്റെ ആധിപത്യം സ്ഥാപിച്ചിരിക്കുന്നു. രാവിലെ അവൾ എഴുന്നേറ്റു കുളിച്ചു അങ്ങനെ സ്കൂളിൽ പോവാൻ തയ്യാറായി. അമ്മയുടെ പ്രകാശപൂരിതമായ മുഖം മാനം പോലെ കാറു നി റഞ്ഞിരിക്കുന്നു. മുത്തശ്ശി ടിവിയിൽ വാർത്തകാണുന്നു. നേരം വെളുത്താൽ എഴുന്നേറ്റ് ടിവിയിൽ മഹാഭാരതം കാണുന്ന മുത്തശ്ശി എന്താ വാർത്ത കാണുന്നതെന്ന് അവൾ ഒളികണ്ണിട്ട് നോക്കി.ടിവിയിൽ കണ്ട കാഴ്ച്ച അവളെ നടുക്കി.നിനച്ചിരിക്കാതെ, മഴവെള്ളം കുത്തിയൊലിച്ച് രൗദ്രഭാവം കൊണ്ട് കെട്ടിടങ്ങളെയെല്ലാം

താഴെ മറിക്കുന്നു, അവൾ പേടിച്ച് പോയി.ഏറ്റെ നടുക്കിയത് ഒരു വീട്ടിലെ അംഗങ്ങൾക്കുമേൽ നിനച്ചിരിക്കാതെ ഉരുൾ പൊട്ടിയതാണ്.അങ്ങനെ ആ ജീവിതങ്ങൾ പൊലിഞ്ഞു.മോളെ, അമ്മയുടെ വിഷാദം നിറഞ്ഞവിളികേട്ട് അവൾ തിരിഞ്ഞു. ''യൂണിഫോം മാറ്റിക്കോ ഇന്ന് സ്കൂളില്ല''ചേട്ടൻ നിറഞ്ഞ സന്തോഷത്തോടെആഹ്ലാദം പൊഴിച്ചു.നിനച്ചിരിക്കാതെ,അച്ഛന്റെ കോൾ,ദുബായിൽ നിന്നാണ്,''രാധേ,അവിടെ പ്രശ്നങ്ങളുണ്ടോ? വെള്ളം വന്നോ?''അങ്ങനെയങ്ങനെ ഒരായിരം ചോദ്യം.

''ഒന്നുമില്ല ഏട്ടാ...ഇവിടെ ഒന്നുമില്ല,പേടിക്കണ്ട...''എന്ന് അമ്മ.എന്നാലും അച്ഛന്റെ ഉള്ളിലെ ആധി കെടുന്നില്ല. ''എന്റെ മോനെ,നീ എന്തിനാ വിഷമിക്കണേ?ഈടെ ഒന്നൂല്ല,നീ നിന്റെ കാര്യം നോക്ക് ''അച്ഛനെ ഉപ-ദേശിച്ചുകൊണ്ട് മുത്തശ്ശി കോൾ കട്ട് ചെയ്തു.അവന്റെ ഒരു കാര്യം,മുത്തശ്ശി പിറുപിറുത്തു ടി.വി.യിലേക്ക് ശ്രദ്ധിച്ചു. കാര്യങ്ങളുടെ ഗൗരവം അവൾക്കു മനസ്സിലായില്ല.ചേട്ടൻ കളിക്കാനോടി.അമ്മ തടഞ്ഞെങ്കിലും ചേട്ടനത് വകവെച്ചില്ല അവൻ ഒരാൺകുട്ടിയല്ലേ,പോയ് കളിച്ചോട്ടെ എന്ന് മുത്തശ്ശി.ഒന്നും മനസ്സിലാകാതെ അവൾ ഉമ്മറത്തിരുന്നു. ''രാധേ ഡാമൊക്കെ തുറന്നു എല്ലാം നിനച്ചിരിക്കാതെയല്ലെ?നല്ല മഴക്കോളുണ്ട്,ഞാൻ മക്കളേം കൊണ്ട് ആങ്ങളേടെ അങ്ങോട്ട് പോവാ,നീയും അത്ങ്ങളേം കൊണ്ട് എങ്ങോട്ടെങ്കിലും പൊയ്ക്കോ,അപ്പുറത്തുനിന്നു

പരിഭ്രമിച്ചുകൊണ്ട് സുഹറാത്ത വിളിച്ചു പറഞ്ഞു.''ഓ സാരില്ല സുഹറാത്ത നിങ്ങള് പൊയ്ക്കോ,ഇനി അമ്മനേംകുട്ട്യോളേം വിളിച്ച്കൊണ്ട് പോവാന്ന് വെച്ചാ,നടക്കില്ല.

അമ്മയും പരിഭവം പറഞ്ഞു.അവൾക്കൊന്നും പിടികിട്ടിയില്ല.ഡാം,മഴ,കാറ്റ് ഒന്നും.ഒന്നും മനസ്സിലാകാതെ അവൾ അമ്മയുടെ മുഖത്തേക്ക് നോക്കി.വിഷാദം മറക്കാൻ അമ്മ ഒന്ന് പുഞ്ചിരിച്ചു.കറുത്തിരുണ്ടമാനത്തേക്ക് നോക്കി അവളിരുന്നു.നിനച്ചിരിക്കാതെ,പെട്ടെന്ന് ഒരിടികുടുക്കം.അവൾമുത്തശ്ശിയുടെ അരികത്തേക്കോടി.എവിടെനിന്നോ കുത്തിയൊലിക്കുന്ന പേമാരി.നിനച്ചിരിക്കാതെ വന്ന പേമാരി അവളെ ഭയപ്പെടുത്തി.കല്ല് വന്ന് പതിക്കുന്നതുപോലെ മഴത്തുള്ളികൾ വീഴുന്നു.കാറ്റത്ത് ആടിയുലയുന്നമരങ്ങൾ.

മഴ അതിന്റെ മ്ുഴുവൻ രൗദ്രഭാവവും കാട്ടി ഉറഞ്ഞുതുള്ളുന്നു.എവിടെ നിന്നോ പേടിച്ച് ചേട്ടൻ കയറിവന്നു. ഇങ്ങനേം പെയ്യോ മഴ ചേട്ടൻ അവനോടു തന്നെ ചോദിച്ചു.നിനച്ചിരിക്കാതെ വന്ന മഴ അവളെപോലെ തന്നെ എല്ലാവരെയും ഭയാകുലരാക്കി.നടുമുറിയിൽ അവരെല്ലാവരും ഒത്തുകൂടി.എല്ലാവരുടെയും മുഖത്ത് ഒരുപോലെ തന്നെ ഭയം നിഴലിച്ചിരിക്കുന്നു.''ഇല്ല,നമുക്കൊന്നും സംഭവിക്കില്ല,മോള് പേടിക്കണ്ട''എന്നും പ്രതീക്ഷയുടെ നിറദീപമായ അമ്മ അവളെവാരിപുണർന്നു.പ്രകൃതി രൗദ്രഭാവത്താൽ ആറാടുകയാണ്.എന്താ ചെയ്യുക എന്ന്ഒരുപിടിയുമില്ല.ചേട്ടൻ മുത്തശ്ശിയുടെ മറപറ്റി കിടുകിടാ വിറക്കുന്നു.നല്ല ഭയമുണ്ടെങ്കിലും ഇനി എന്തും നേരിടും-എന്ന ഉറച്ച തീരുമാനത്തിൽ നാലു ജീവിതങ്ങൾ ആ ചെറുപുരയുടെ ഉള്ളിലിരിക്കുന്നു.വീട്ടുപടിവരെ വെള്ളമെത്തി,

വിറച്ചശബ്ദത്തോടെ ചേട്ടൻ പറഞ്ഞു''നമുക്കെങ്ങോട്ടെങ്കിലും പോവാം''.എങ്ങോട്ടെന്ന ചോദ്യവുമായി അമ്മ.നിനച്ചിരിക്കാതെ പെട്ടെന്നാണ് വെള്ളം വീടിനുള്ളിലേക്ക് കയറിയത്.ഒഴിക്കിന്റെ

ശക്തിയിൽ അവൾ തെറിച്ചുവീണു.അമ്മ കഷ്ടപ്പെട്ട് അവളെയും മുത്തശ്ശിയേയും പിടിച്ച് കട്ടിലിൽ കയറ്റി.ചേട്ടൻ നേരത്തേ സ്ഥലം പിടിച്ചിരുന്നു.ഏറെ പരിഭ്രമത്തോടെ അമ്മ ഫോണെടുത്ത് ആരെയോ വിളിച്ചു.
ഉറക്കെ കരഞ്ഞുകൊണ്ട് അമ്മ അയാളോട് സഹായം അഭ്യർത്ഥിച്ചു.മുത്തശ്ശി ദൈവത്തിനെ വിളിക്കുന്നു.കട്ടിലിനു ചുറ്റും വെള്ളം.ഒന്നുമറിയാതെ അവൾ പരിഭ്രമിച്ചിരിക്കുന്നു.ആ നാലു ജീവിതങ്ങൾ സഹായത്തിനായി ഒച്ചയിടുന്നു.

നിനച്ചിരിക്കാതെ,പ്രതീക്ഷയുടെ വെള്ളിത്തിരിയുമായി ഒരു ഹോൺ മുഴക്കം.ആരൊക്കെയോ മുത്തശ്ശിയെപൊക്കി വഞ്ചിയിൽ കയറ്റി.അച്ചിങ്ങപറിച്ചെടുക്കുന്നത് പോലെ അവളെയും,ചേട്ടനും അമ്മയും അതിവേഗം കയറി.നിനച്ചിരിക്കാതെ,അച്ഛന്റെ അടുത്ത കോൾ.'രാധേ, എന്താ അവിടെ, സുഖമായി ഇരിക്കുന്നോ? മഴയുണ്ടോ? ഇങ്ങനെ ഒരു നൂറു ചോദ്യം.' എല്ലാം പോയി ഏട്ടാ എന്നു പറഞ്ഞ് പൊട്ടിക്കരഞ്ഞുകൊണ്ട് അമ്മേ. അച്ഛന്റെയുള്ളിൽ തീയാളിയിട്ടുണ്ടെന്ന് ബോട്ടിലിരുന്ന് അവളറഞ്ഞു. നിനച്ചിരിക്കാതെ കോൾ കട്ടായി.

ബോട്ടിറങ്ങിയത് അവളുടെ സ്കൂളിലായിരുന്നു. കാര്യത്തിന്റെ സ്ഥിതിഗതികൾ അവൾ മനസ്സിലാക്കി. സ്കൂളിൽ ഒരുപാട് ആളുകൾ. പ്രതീക്ഷ നഷ്ടപ്പെട്ട ഒരുപാട് ജീവിതങ്ങൾ അവൾ അവിടെ കണ്ടു. ഉടുതുണിക്ക് മറുതുണിയില്ലാതെ നനഞ്ഞ്കുളിച്ച് അവൾ സ്കൂൾ വരാന്തയിലിരുന്നു. മഴ മാറിയിരുന്നു. എന്നാലും എല്ലായിടത്തും ഇരുട്ടായിരുന്നു. രാത്രി പോലെ ഒരു പകൽ. അവൾ പതിയെ പതിയെ നടന്നു. നിനച്ചിരിക്കാതെ ഉണ്ടായ സംഭവങ്ങൾ അവൾ ഒാരോന്നോരോ-ന്നായി ഒാർത്തു.

പിന്നെ അവിടെ കുഴപ്പങ്ങളൊന്നും ഉണ്ടായിരുന്നില്ല. ഒരുപാടാളുകൾ വന്ന് അവരെ സന്ദർശിക്കുന്നു.

നല്ല നല്ല ഭക്ഷണം, വസ്ത്രം. പക്ഷെ ഇതൊന്നും അവർക്കൊരു താങ്ങായിരുന്നില്ല. സ്വന്തം വീടായിരുന്നു അവരുടെ മനസ്സിൽ, ഓണം വന്നത് അവളറിഞ്ഞില്ല. പൂക്കളും പൂവിളിയുമില്ലാത്ത ഓണം . ഒരേ പായിൽ ഉറങ്ങിയും ഒരേ ഇലയിൽ ഉണ്ടും അവൾ കഴിഞ്ഞു. അന്തരീക്ഷം പഴയ സ്ഥിതിയിലായി. ഒരുപാട് നാളുകൾക്കുശേഷം അവൾ അമ്മയുമായി വീട്ടിലേക്കു പോയി. മുത്തശ്ശിയും ചേട്ടനും ഇപ്പോഴും ക്യാമ്പിലായിരുന്നു. അവൾ കണ്ട വീടിന്റെ കാഴ്ച്ച അവളെ നടുക്കി.

തൂണിൽ ചാരിയിരുന്ന് അവൾ ആ മഴയെ ഓർത്തുകൊണ്ടേയിരുന്നു. ഒന്നും സംഭവിക്കാൻ ഒരുപാട് നേരം വേണ്ട. എല്ലാം ഒരു നിമിഷം കൊണ്ട് ഇല്ലാതാകാം. അവൾ പതിയെ പതിയെ മനസ്സിലാക്കി തുടങ്ങി, എല്ലാം. നിനച്ചിരിക്കാതെ സംഭവിച്ച ദുരിതത്തിലൂടെ . നിനച്ചിരിക്കാതെ.......



**റിൻസിയ.പി.എം**

**8c**

# പ്രണയം

*നാളെയുടെ ഓർമ്മകൾ കൊണ്ട്*
*രണ്ട് മനസ്സുകൾ തമ്മിൽ നടത്തുന്ന*
*വികാരങ്ങൾ നിറയൂന്ന ഒരൂതരം*
*ലഹരിയല്ലെയോ പ്രണയം*
*നാളെയൂടെ ഒർമകളിൽ ചിരിച്ച്*
*നാളെയുടെ ഒർമകളിൽ കരഞ്ഞ്*
*ആ ഒരു നാളെയ്ക്കായുള്ള*
*യാത്രയല്ലയോ പ്രണയം*
*ഒന്ന് ഞാൻ ചോദിക്കട്ടെയോ*
*ഇൗ നാളെയ്ക്കായി*
*ചെയ്തുകൂട്ടൂന്ന തന്ത്രങ്ങളിൽ*
*നിങ്ങൾ നാളെ നിത്യശ്വാസം*
*വലിക്കുമെന്ന് നിങ്ങൾക്കെന്തുറപ്പ്!...*
*വെറുമൊരു സാങ്കൽപ്പ ലോകത്തിന്*
*വേണ്ടി കണ്ണുകൾ നിറയുന്ന*
*മനുഷ്യനെന്ന വിഡ്ഢിയുടെ*

ഖാലിദ
XII.C

# രാത്രി

ആകാശം കണ്ണടച്ചു
സർവ്വ വസ്തുവും
കണ്ണുകൾക്ക് ക്ഷീണം
ബാധിതമായി യാത്രയായി
ഉറക്കത്തിൻെറ കൈകൾ
ഭൂമിയെ തലോടി
ഉറക്കത്തിൻ മടിയിലേക്ക്
എല്ലാവരും വീഴുന്നു...
ക്ഷീണവും പ്രകോപനവും
തലഉയർത്തിയപ്പോൾ
ഉന്മേഷവും ഉയർച്ചയും
ചുങ്ങി ചുരുങ്ങുന്നു.
ഭയത്തിൻെറയും ക്രൂരതയുടെയും
മുഖം മൂടികൾ
അണിഞ്ഞും ഭയപ്പെടുത്തിയും
വികൃതങ്ങൾ.
കാഴ്ചയിൽ ശാന്തവും
യഥാർതഥത്തിൽ
ഭയാനകവുമായ രാത്രിയുടെ

സ്വഭാവം എന്തു രസം.

ശാന്തമാണെന്ന് കരുതുന്ന
രാത്രിയുടെ ഭയാനകമായ
മുഖം കാണാൻ എന്തൊരു
പ്രലോഭനമാണ്.

ലോകം കണ്ണടക്കുമ്പോൾ
തെറ്റുകൾ സംഭവിക്കുന്ന്
നോക്കുവാൻ മറ്റൊരു കണ്ണായി
വന്നതാണ് ചന്ദ്രൻ.

ഭയാനകമായ ഇരുട്ടിനെ
അലങ്കരിക്കുന്നവകളാണ്
നക്ഷത്രങ്ങളും മറ്റ്
വൈഭവങ്ങളും.

എന്തു രസമാണ്
രാത്രിയുടെ ഭാവങ്ങളും
താളങ്ങളും നോക്കി
ആസ്വദിക്കാൻ..



ഫാത്തിമ മുഹമ്മദ്
8 B

## പൊഴിക്കുന്ന സങ്കടം

പച്ചപ്പാൽ നിറയുന്ന ലോകമെന്ന
സ്ഥിതി മാറി....
പൂക്കളും പുഴകളും മലനിരകളും
മാറി മറയുന്നൂ....
പൂവിന്റെ സന്തോഷങ്ങളില്ലാതായി....
പൂക്കളാൽ ജീവിക്കുന്ന ശലഭങ്ങെള- കാണാതായീ....

ആസ്വാദനത്തിന്റെ പ്രകൃതി
ദുരുപയോഗം ചെയ്യുന്ന പ്രകൃതിയായീ....
തെളിനീരുകൊണ്ടൊഴുകുന്ന
അരുവികൾ മായുന്നു...
ശുദ്ധജലത്തിൻ മേന്മ
ആരും തന്നെ കാണുന്നില്ലാ....
പട്ടണത്തിന്റെ ഗർജ്ജനം
കാതിൽ മുഴങ്ങന്നൂ....

പ്രകൃതി തന്റെ ചിരി മാ  ഞ്ഞപ്പോൾ
ചിരി പട്ടണത്തിൽ കാണുന്നൂ....
പ്രകൃതി തന്റെ സങ്കടങ്ങൾ
മഴയായി പൊഴിക്കുന്നൂ....
പട്ടണത്തോട് പ്രകൃതി കെഞ്ചുന്നൂ
''നീയൊന്ന് മറഞ്ഞിടാമോ
എന്റെ ബന്ധുക്കൾ മരിച്ചുവീഴുന്നൂ....''
മഴയായി പൊഴിക്കും എന്റെ സങ്കടം ഞാൻ....

# എന്നിലെ നീ

ജീവിതമാമീ യാത്രയിൽ നിസ്സഹായയായി
ഞാൻ നിന്ന നേരം
ഒരു ചെറുവിരൽ തുമ്പിൽ
ഞാൻ കണ്ടു ദൈവത്തിൻ കൈകൾ

വീശുന്ന കാറ്റിലും
പൊഴിയുന്ന ഇലയിലും
ഒരേയൊരു ഗീതം മാത്രം
ഞാൻ നിൻ കൂടെയുണ്ട്

കണ്ണുനീർ തുള്ളികൾ തീജ്വാലകളായി
മാറിയ നിമിഷമവനെൻ കാതിലായ്
മന്ത്രിച്ചു ഞാൻ നിൻ കൂടെയുണ്ട്
നിശ്ചലമായി നിന്നു ഞാനാനിമിഷം

അമ്മഭൂമിയോടായി ഞാൻ
ചെയ്ത ചെയ്തികൾ
എൻ നേരെ തിരിച്ചെത്തി
ജലരൂപേണയായ്

പകച്ചുനിന്നൊരാകണ്ണുകളിൽ
തെളിഞ്ഞത് കുറ്റബോധം മാത്രം

ആരുമാരുമില്ലാതെ വിശപ്പും
ദാഹവുമറിഞ്ഞ് കഴിച്ചുകൂട്ടിയ ദിനങ്ങൾ

അയലത്തവന്റെ മുഖം
പോലും നോക്കാതെ
നടന്നവൻ അവനൊപ്പം
ഉണ്ടുറങ്ങുന്ന കാഴ്ച

തിരിച്ചറിവിന്റെ നിമിഷം: അറിവിന്റെ
ആഴങ്ങളിൽ നിന്ന് തിരിച്ചുറിവിന്റെ
തീരങ്ങളിലേക്ക് ചേക്കേറിയ നേരം
ഞാൻ കണ്ടു എന്നിലെ നിന്നെ
നീ തന്നെ എന്നെ
തളരാതെ കൈപിടിച്ചുയർത്തി
നീ തന്ന ധൈര്യം
എൻ ജീവിതത്തെ തിരിച്ചു തന്നു
നീ തന്നെയാണതിജീവനം
ജീവിച്ചു ഞാനെൻ തോൽവികളിലൂടെ
ഒറ്റപ്പെടലുകളെ മറികടന്നു
ഒരു പുഞ്ചിരിയോടെ
ഇതിനെല്ലാം എനിക്കായ് കൂടെ നിന്നതെൻ അതിജീവനം

മാതൃഭൂമി തേങ്ങിയ നേരം
തളരാതെ പിടിച്ചുയർത്തിയ
ദിനങ്ങളാണെൻ മനതാരിൽ
ഇനി ധൈര്യമേകാൻ
ഈ യാത്രയിൽ കാലിടറുന്ന നേരം
ഇനിയും ഉയർന്നു വരും ഞാൻ
അതിജീവനത്തിലൂടെ, ഇനിയും
വരട്ടെയൊരു പ്രളയം കൂടി
നേരിടും ഞാനതെൻ ധൈര്യത്തോടെ

*മരണത്തിൻ വാതിൽ എൻ*
*മുന്നിൽ തുറന്ന നേരം ഒരു*
*ചെറുകൈയ്യാൽ നയിച്ചെന്നെ*
*വീണ്ടും ജീവിതമാമീ അതിജീവനം*

*വാക്കുകളില്ലാതെ മൗനമായ നേരം*
*കാറ്റിൽ അച്ഛന്റെ വിരലുകൾ തഴുകിയെന്നെ*
*ജലപരപ്പിൽ ഒറ്റക്കായ് നിൽക്കുമ്പോൾ*
*അമ്മയുടെ പുഞ്ചിരി തിരിച്ചു വിളിച്ചുവെന്നെ*

*ഞാൻ മടങ്ങുന്നു*
*തിരിച്ചുവേണമെനിക്കാ നാടിനെ*
*ദു:ഖത്തെ മനസ്സിലൊളിപ്പിച്ച്*
*പുഞ്ചിരി തൂകുന്ന നാടിനെ*
*ഇനിയെന്റ ഓർമ്മകൾ ചരിത്രമാകും*
*ഇനിയെന്റ വാക്കുകൾ ലോകമോർക്കും*
*അന്നേരം വിശ്വമൊന്നായ്  വാഴ്ത്തിടും*
*എൻ നാടിൻ അതിജീവനത്തെ*



**ഫാത്തിമ മുഹമ്മദ്**
**8 B**

# മുല്ലപ്പൂ നിറമുള്ള പകലുകളിലൂടെ

*അറേബ്യൻ രാജ്യങ്ങളെ ഇളക്കിമറിച്ച മുല്ലപ്പൂവിപ്ലവത്തിന്റെ പശ്ചാതലത്തിൽ തയ്യാറാക്കപ്പെട്ട ഒരുനോവൽ -മുല്ലപ്പൂ നിറമുള്ള പകലുകൾ.*

*'ആടുജീവിതം'നേടിത്തന്ന ആർജവമാണ്ബെന്യാമിന്റെ ഈ നോവൽ വായനയ്ക്കായി തെരഞ്ഞെ ടുക്കാൻ എന്നെ പ്രേരിപ്പിച്ചത്.ഏവരേയും എളുപ്പത്തിൽ ആകർഷിക്കാനാകുന്ന ലളിതഭാഷയിലുള്ള പ്രസ്തു തനോവൽ എന്നെ ഏറെ ആകർഷിച്ചിരുന്നു.എന്റെഊഹം തെറ്റിയില്ലെന്ന് വായനയ്ക്കുശേഷം എനിക്ക് ബോധ്യമായി.ലളിതമായ ആ ഭാഷാശൈലിയിൽ വീണ്ടും ഞാൻ ആകർഷിക്കപ്പെട്ടിരിക്കുന്നു*

*അറേബ്യൻ രാജ്യത്ത് ആർ.ജെ ആയി ജോലിചെയ്യുന്ന പാക്കിസ്ഥാനി യുവതി സമീറ പർവ്വിന്റെ ഈ നോവൽ എന്നെ ഒരിക്കലും നിരാശപ്പെടുത്തിയി ല്ല.സമീറയും അലിഫർദാനും തമ്മിലുള്ള കറകളഞ്ഞസൗഹൃദ ബന്ധത്തിന്റെ ആഴം വായനയിലുടനീളം നിഴലിക്കുന്ന.വലിയൊരുകൂട്ടുകുടുംബത്തിന്റെ സുരക്ഷയും കരുതലും നമ്മെ കൂട്ടുകുടുംബത്തിന്റെ നന്മ കളിലേക്കടുപ്പിക്കുമെങ്കിലും നോവലിന്റെ അവസാനഭാഗങ്ങളിൽ കുടുംബത്തിലുണ്ടാകുന്നഅസ്വാരസ്വങ്ങൾ എത്രത്തോളംകുടുംബഭദ്രതയെ ബാധിക്കുമെന്നുള്ളതിരിച്ചറിവുണ്ടാകുന്നു.കലാപങ്ങളിൽകലു ഷിതമായ നഗരദൃശ്യങ്ങളുടെ വർണ്ണനകൾ ഏറെ ആശങ്കാഭരിതങ്ങളായി.ഞാനും*

*കലാപഭൂമിയിലെത്തിയതുപോലെ.....നോവലിന്റെ അവസാനം സമീറയുടെ കഥ സത്യത്തിൽ കണ്ണുനനയിക്കുന്നു.ഈ നോവൽ എഴുതാനുണ്ടായ സാഹചര്യത്തിന്റെ വിവരണം അവസാനഭാഗത്തെ കൂടുതൽ ഹൃദ്യമാക്കി. നന്ദി ബെന്യാമിൻ,താങ്കൾക്കു നന്ദി,എന്റെ പകലുകളുംമുല്ലപ്പൂനിറമുള്ളതാക്കിയതിന്.......*

***കെ.എ.ബിന്ദു***
***എച്ച്.ഐ.എച്ച്.എസ്.എസ്***

# <u>മഹാപ്രളയം</u>

94 വർഷത്തിന് ശേഷമുള്ള ഏറ്റവും വലിയ പ്രളയമാണ് 2018ആഗസ്റ്റ് 15 ന് കേരളജനതനേരിട്ടത്. ദിവസങ്ങളോളം നീണ്ടുനിന്ന പ്രളയത്തിൽ നല്ലൊരു നാശനഷ്ടമാണ് രേഖപ്പെടുത്തിയത്. 54 ഡാമുകളിൽ 35 എണ്ണം ഒരുമിച്ച് തുറന്ന് വിടേണ്ടിവന്നതോടൊപ്പം മലയോര പ്രദേശങ്ങളിൽ ഉരുൾപൊട്ടലും കൂടി വന്നതോടെ കേരളം നേരിട്ടതിൽ വെച്ച് മഹാദുരന്തമായ് ഈ പ്രളയം മാറി.

പ്രളയത്തിന്റെ ഒന്നാമത്തെ കാരണം ദേശീയ കാലാവസ്ഥാ നിരീക്ഷണ വിഭാഗം പ്രവചിച്ചതിനേക്കാൾ ലഭിച്ച മൂന്നിരട്ടി മഴയാണ്.അതിനോടൊപ്പം മലയോര പ്രദേശങ്ങളിൽ ഉരുൾപ്പൊട്ടൽ കൂടി ഉണ്ടായി.ഇതിന്റെ പ്രധാന കാരണം കാലാവസ്ഥ വ്യതിയാനമാണ്.കേരളത്തിൽ ഇപ്പോൾ മാറി മാറി വരുന്ന കാലാവസ്ഥ ദുരന്തങ്ങൾക്ക് വഴിയൊരുക്കുന്നു.കാലാവസ്ഥ മാറ്റത്തിന് കാരണം മനുഷ്യരുടെ പ്രകൃതിക്ക് മേലുള്ള കടന്നുകയറ്റമാണ്.

മനുഷ്യർ കുന്നുകളും ജലസ്രോതസ്സുകളും നികത്തുകയും അവിടെയെല്ലാം കെട്ടിടങ്ങൾ നിർമിക്കുകയും ചെയ്യുന്നു.

ഈ മഹാപ്രളയത്തിലും ഉരുൾപ്പൊട്ടലിലുമായി 483 പേർ മരിച്ചു.കാൽ ലക്ഷത്തിലേറെ വീടുകൾ പൂർണമായ് തകർന്നു.ഇതിന് പുറമെ 40,000 ഓളം വീടുകൾക്ക് ഭാഗീകമായ കേടുപാടുകൾ സംഭവിച്ചു.കൃഷി വ്യാപകമായി നശിച്ചു.കേരളത്തിൽ വലുതായി വന്ന റബ്ബർകൃഷിക്ക് നല്ലൊരു നാശനഷ്ടമുണ്ടായി.ഇതോടൊപ്പംതന്നെ കന്നുകാലികളും കോഴിപോലുള്ള വളർത്ത് മൃഗങ്ങളും ചത്തൊടുങ്ങി.ആയിരകണക്കിന് കിലോമീറ്റർ റോഡുകളും അനവധി പാലങ്ങളും തകർന്നു.പലസ്ഥലങ്ങളിലേക്കുള്ള ഗതാഗതം തടസ്സപ്പെട്ടതിനാൽ പല സ്ഥലങ്ങളും ഒറ്റപ്പെട്ടു.ഈ വിഭാഗങ്ങളിൽ മാത്രമായ് 40,000 കോടിരൂപയുടെ നഷ്ടം കണക്കാക്കുന്നു.ഇത് കൂടാതെ ആയിരക്കണക്കിന് കോടി രൂപയുടെ നഷ്ടം വേറെയുണ്ടും.

ഈ ദുരന്തത്തിൽ എടുത്തു പറയേണ്ടകാര്യം കേരളത്തിലെ മത്സ്യതൊഴിലാളികളുടെ രക്ഷാപ്രവർത്തനമാണ്.ദേശീയ ദുരന്ത നിവാരണസേന രക്ഷാദൗത്യത്തിനിറങ്ങിയിട്ടും ചെറുവിമാനങ്ങളും ബോട്ടുകളും വലിയ വാഹനങ്ങളുമെല്ലാം ഉപയോഗിച്ചിട്ടും ആയിരക്കണക്കിന് ജീവൻ രക്ഷിക്കാനായത് മത്സ്യതൊഴിലാളികളുടെ ഇടപെടൽ മൂലമാണ്.അത്ര വലിയ ദുരന്തത്തിൽ അവർ കാണിച്ച മനോധൈര്യത്തിന് 'കേരളത്തിന്റെ സ്വന്തം സൈന്യം' എന്നപേരോടു കൂടിയ അഭിനന്ദനമാണ് ദൗത്യത്തിൽ പങ്കെടുത്ത മത്സ്യത്തൊഴിലാളികൾക്ക് ലഭിച്ചത്.

അങ്ങനെ ആ ദിവസങ്ങൾ തള്ളി നീക്കി.അപ്പോൾ ഇവിടെ ജാതിയില്ല,മതമില്ല,രാഷ്ട്രീയമില്ല,പണക്കാരനോ,പാവപ്പെട്ടവനോ എന്നില്ല,എല്ലാവരും ഒരുപോലെ. പണക്കാർ ധരിച്ചത്

പാവപ്പെട്ടവന്റെത്,ഭക്ഷിച്ചത്
അയൽക്കാരുടേത്,അന്തിയുറങ്ങിയതും പ്രാർഥിച്ചതും
ഏതോ ഒരു പ്രാർഥനാലയത്തിൽ,ഇതാണ് പ്രളയദിവസത്തെ
അവസ്ഥ.ആ സമയം അറിഞ്ഞു പരസ്പര സ്നേഹത്തിന്റെ
വില.കരുണ,ക്ഷമ,എന്നതിന്റെ വില.പങ്കുവെപ്പ് എന്തെന്നു
അന്ന് എല്ലാവരും തിരിച്ചറിഞ്ഞു.സ്വാർത്ഥതയും
മതിലുകളും ഇല്ലാതായി.ഞാൻ എല്ലാവരേയും
പോലെയാണെന്ന് തിരിച്ചറിഞ്ഞു.ഇപ്പോൾ ഇഷ്ടമുള്ളത്
ഒരിക്കൽ നഷ്ടമാകുമെന്ന് പ്രളയം ഓർമപ്പെടുത്തുന്നു.

പ്രളയമെല്ലാം അവസാനിച്ചു.അതിജീവനമാണ്
അടുത്ത ദൗത്യം.പോയതിനെക്കുറിച്ചോർത്ത് വിഷമിക്കാതെ
പ്രളയത്തിൽ നിന്ന് പഠിച്ച പാഠങ്ങൾ ഉൾക്കൊണ്ട് തുടങ്ങാം
ഒരു പുതിയ ജീവിതം.അതോടൊപ്പംതന്നെ പ്രകൃതി
സൗഹൃദപരമായി ജീവിച്ച് പ്രകൃതി ദുരന്തങ്ങളെ നമുക്ക്
പ്രതിരോധിക്കാം.

ഇനി കേരളത്തിൽ ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്
. എല്ലാവരും ഒന്ന്,ഒന്നുപ്പോലെതന്നെ.



**ഹഫീഫ കെ.എ**
**9F**

**AWESOME ! AWESOME ! AWESOME !**

I got great pleasure while I reading the book " ഉന്നത വിജയത്തിന് ഏഴ് വഴികൾ "--എസ് . ഹരികിഷോർ .ഐ.എ.എസ്

A good book is bound to give pleasure , I thought it has given pleasure because it plays vital role in our mind. The motivation that is derived from the experienced of the author. I devour the book not once but twice. Personally some motivational books seems to be more complicated , especially translations , but here it is so simple and clear . Now I am searching for his first book" "

ആസിഫ് .കെ.എ
എച്ച്. എസ്.എ





# മഹാനായ അന്ധൻ

ഒരിടത്ത് മൂന്നു മക്കളും ഒരു വാപ്പയും ഉമ്മയുമുണ്ടായിരുന്നു. അവരുടെ ജോലി പച്ചക്കറിക്കടയാണ്. വാപ്പയാണ് പച്ചക്കറിക്കട നടത്തുന്നത്. ഒരു ദിവസം അവരുടെ വാപ്പ മരിച്ചുപോയി. പിന്നെ ആ കട നോക്കിയത് മൂന്ന് ചേട്ടന്മാരാണ്. മൂന്നാമൻ അന്ധനായിരുന്നു. അതിനാൽ കടയൊന്നും നോക്കാൻ അവന് കഴിയില്ല. പക്ഷെ അവൻ പഠിക്കുമായിരുന്നു. എല്ലാ ദിവസവും ഭക്ഷണം കഴിക്കാൻ ഇരിക്കുമ്പോൾ അവനെ കുറിച്ച് ഉമ്മ ചീത്ത പറയും. അവൻ അന്ധനായതു കൊണ്ട് അവനെയാണ് ചീത്ത പറയുന്നതെന്ന് അവന് മസ്സിലാവില്ല. കുറേ ദിവസങ്ങൾ കഴിഞ്ഞ് രണ്ട് ചേട്ടന്മാരും കല്യാണം കഴിച്ചു. ഒരു ദിവസം ഇതേ18പോലെ ചീത്ത വിളിക്കുന്ന ശബ്ദം അന്ധനായ മോൻ കേട്ടു. ഉമ്മ പോയപ്പോൾ ചേട്ടന്മാരുടെ ഭാര്യമാരോട് ചോദിച്ചു: ഉമ്മ ആരെയാണ് ഈ വഴക്ക് പറയുന്നത്. അവർ പറ18ഞ്ഞു: നിന്നെ തന്നെയാ ഉമ്മ  ചീത്ത പറയുന്നത്. എന്തിനാണ് എന്നെ ചീത്ത പറയുന്നത് അവൻ ചോദിച്ചു.  അവർ പറഞ്ഞു നീ ജോലി ഒന്നും ചെയ്യില്ലല്ലോ അതുകൊണ്ടാണ് നിന്നെ ഉമ്മ ചീത്ത പറയുന്നത്. അന്ന് രാത്രി അവൻ ഉമ്മയുടെ കാലിൽ വീണപ്പോൾ ഞെട്ടി എഴുന്നേറ്റു ഉമ്മ ചോദിച്ചു: എന്തുപറ്റി നിനക്ക്,അവൻ പറഞ്ഞു: ഉമ്മയോടു ഞാൻ എന്തെങ്കിലും കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ പൊറുക്കണം. ഉമ്മിച്ചി പൊറുത്തില്ലെങ്കിൽ അല്ലാഹു എന്നെ പരലോക-

ത്തുവെച്ച് ശിക്ഷിക്കും.ഉമ്മ പറഞ്ഞു: ഞാനാണ് നിന്നോട് കുറ്റം ചെയ്തിരിക്കുന്നത്.നീ എന്നോട് ഒരു കുറ്റവും ചെയ്തി-
ട്ടില്ല.അന്നു മുതൽ അവനെയാണ് ഉമ്മയ്ക്ക് ഏറ്റവും ഇഷ്ടം.

*******

# THANKS TO ALL18

*****